# <u>സ്വർഗാവകാശികളായ ജീവികൾ</u>

അല്ലാഹു തആലാ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഒരു നിശ്ചിത കാലാവധി നിശ്ചയിച്ചുകൊണ്ടാണ്. ഒരു ദിവസം ഈ ലോകവും അതിലുള്ള സർവചരാചരങ്ങളും പൂർണ്ണമായി നശിക്കുകയും, പരലോകം എന്ന ശാശ്വതമായ മറ്റൊരു ജീവിതം ആരംഭിക്കുകയും ചെയ്യും. ഈ ദുനിയാവിൽ മനുഷ്യർ ചെയ്തുകൂട്ടിയ നന്മതിന്മകളുടെ അടിസ്ഥാനത്തിൽ അവർ വിചാരണ ചെയ്യപ്പെടുകയും, നല്ലവർ സ്വർഗത്തിലേക്കും പാപികൾ നരകത്തിലേക്കും നയിക്കപ്പെടുകയും ചെയ്യും എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമാണ്.

എന്നാൽ ഈയൊരു ഘട്ടത്തിൽ, മനുഷ്യരെപ്പോലെ ബുദ്ധിയോ ചിന്താശേഷിയോ ഇല്ലാത്ത മൃഗങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും അവസ്ഥ എന്തായിരിക്കും?

പരലോകത്ത് വെച്ച് മൃഗങ്ങൾക്കിടയിലും നീതി നടപ്പാക്കപ്പെടുമെന്ന് പ്രമാണങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനുശേഷം അല്ലാഹുവിന്റെ കൽപ്പനപ്രകാരം ഈ ജീവികളെല്ലാം മണ്ണായി മാറുകയാണ് ചെയ്യുക. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി, തങ്ങളുടെ സവിശേഷമായ ചരിത്രപരമായ പങ്കുകൊണ്ടും അല്ലാഹുവിനോടുള്ള അനുസരണ കൊണ്ടും സ്വർഗത്തിലേക്ക് പ്രവേശനം ലഭിക്കുന്ന പത്ത് പ്രത്യേക ജീവികളെക്കുറിച്ച് ഇസ്‌ലാമിക ചരിത്രങ്ങളിൽ പരാമർശിക്കുന്നുണ്ട്. അവ ഏതെല്ലാമാണെന്നും അവയുടെ പ്രാധാന്യം എന്താണെന്നും നമുക്ക് അറിയൽ അനിവാര്യമാണ്. പല തഫ്സീറുകളിലും മറ്റും പണ്ഡിതൻമാർ അവയെ വ്യക്തമായ രീതിയിൽ വിശതീകരിക്കുന്നുണ്ട്.പത്ത് അദ്ധ്യായങ്ങളായിട്ടാണ് ഇവിടെ അതിനെ വിശദീകരിക്കുന്നത്.

**<u>അദ്ധ്യായം1</u>**

## 1 - സ്വർഗ്ഗാവകാശിയായ 'ഖസ്‌വാഅ്' എന്ന ഒട്ടകം

അല്ലാഹുവിന്റെ തിരുദൂതർ മുഹമ്മദ് മുസ്തഫ ﷺ യോട് ചേർന്നുനിന്ന സർവ്വ ചരാചരങ്ങൾക്കും ഇസ്‌ലാമിക ചരിത്രത്തിലും പരലോകത്തും സമാനതകളില്ലാത്ത ആദരവാണ് അല്ലാഹു നൽകിയിട്ടുള്ളത്. അക്കൂട്ടത്തിൽ

ഏറ്റവും സവിശേഷമായ സ്ഥാനമുള്ള ഒന്നാണ് നബി ﷺ യുടെ പ്രിയപ്പെട്ട ഒട്ടകമായ ഖസ്‌വാഅ്. അന്ത്യനാളിൽ സാധാരണ മൃഗങ്ങളെപ്പോലെ മണ്ണായിപ്പോകാതെ, അമ്പിയാക്കളുടെയും സ്വാലിഹീങ്ങളുടെയും കൂടെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ പ്രധാനിയാണ് ഈ ഒട്ടകം എന്ന് ഇമാം സ്വാവി(റ), ഇമാം ദമീരി(റ) തുടങ്ങിയ പണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മക്കയിൽ നിന്നും മദീനയിലേക്കുള്ള ചരിത്രപ്രസിദ്ധമായ ഹിജ്റ വേളയിലാണ് ഖസ്‌വാഅ് ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തപ്പെടുന്നത്. മദീനയിലെത്തിയ റസൂലുള്ളാഹി ﷺ യെ തങ്ങളുടെ വീടുകളിലേക്ക് സ്വീകരിക്കാൻ അൻസാരികൾ മത്സരിച്ചപ്പോൾ, നബി ﷺ കൽപിച്ചു: "നിങ്ങൾ ഈ ഒട്ടകത്തെ അതിന്റെ വഴിക്ക് വിടുക, തീർച്ചയായും അത് അല്ലാഹുവിനാൽ കൽപ്പിക്കപ്പെട്ടതാണ്"

ഒടുവിൽ ആ ഒട്ടകം വന്ന് മുട്ടുകുത്തിയ സ്ഥലത്താണ് ഇന്നത്തെ മസ്ജിദുന്നബവി സ്ഥിതി ചെയ്യുന്നത്.

ഇമാം ബാജൂരി(റ) തന്റെ തുഹ്ഫത്തുൽ മുരീദിൽ വിശദീകരിക്കുന്നത് പോലെ, ഖസ്‌വാഅ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് അതിന്റെ സ്വന്തം കർമ്മങ്ങൾ കൊണ്ടല്ല. മറിച്ച്, തിരുനബി ﷺ യോടുള്ള സാമീപ്യവും അവിടുത്തെ സേവിച്ചു എന്നതുമാണ് അതിന് ലഭിച്ച ഏറ്റവും വലിയ പുണ്യം.

പരലോകത്തിന്റെ ഭീകരമായ അന്തരീക്ഷത്തിൽ വെച്ച് എല്ലാ സൃഷ്ടികളും വിറങ്ങലിച്ചു നിൽക്കുമ്പോൾ, റസൂലുള്ളാഹി ﷺ യുടെ മഹത്വം ലോകർക്ക് മുന്നിൽ പ്രകടിപ്പിക്കാനായി അല്ലാഹു ഈ ഒട്ടകത്തെ പുനരുജ്ജീവിപ്പിക്കും. സ്വർഗ്ഗത്തിലും തിരുനബി ﷺ യുടെ വാഹനമായി ഖസ്‌വാഅ് കൂടെയുണ്ടാകും എന്ന് ഇമാം ദമീരി(റ) ഹയാത്തുൽ ഹയവാനിൽ സാക്ഷ്യപ്പെടുത്തുന്നു.

ഇമാം ദമീരി(റ) തന്റെ ഹയാത്തുൽ ഹയവാനിൽ ഈ ഒട്ടകത്തിന്റെ ശാരീരിക-ആത്മീയ പ്രത്യേകതകളെ കുറിച്ച് കൃത്യമായി ഉദ്ധരിക്കുന്നുണ്ട്:"തീർച്ചയായും ഖസ്‌വാഅ് എന്നത് ഒട്ടും തളർച്ച ബാധിക്കാത്ത, അല്ലാഹുവിന്റെ പ്രത്യേക ബറകത്ത് നിറഞ്ഞ ഒരു ഒട്ടകമായിരുന്നു. നേരിയ ചാരനിറം കലർന്ന ശരീരപ്രകൃതിയും, അഗ്രം

ചെറുതായി മുറിക്കപ്പെട്ട കാതുകളുമുള്ളതായിരുന്നു അത്. ഇസ്‌ലാമിലെ ഏറ്റവും മഹത്തരവും നിർണ്ണായകവുമായ ചരിത്രമുഹൂർത്തങ്ങളിലൊക്കെയും അല്ലാഹുവിന്റെ തിരുദൂതർക്ക് ﷺ വാഹനമാകാനുള്ള അത്യപൂർവ്വമായ ബഹുമതി നൽകി അല്ലാഹു തആലാ അതിനെ ആദരിക്കുകയുണ്ടായി: പ്രവാചകത്വ ചരിത്രത്തിലെ തുല്യതയില്ലാത്ത 'ഹിജ്റ' വേളയിലും, പ്രവാചകാനുചരന്മാരുടെ ഈമാൻ പ്രകടമായ 'ബൈഅത്തുർരിള്‌വാനിലും', ലക്ഷക്കണക്കിന് ഉമ്മത്തിനെ സാക്ഷിനിർത്തി ജനകോടികളിലേക്ക് ധർമ്മസന്ദേശം എത്തിച്ച ഹജ്ജത്തുൽ വിദാഇലെ ചരിത്രപ്രസിദ്ധമായ 'ബലാഗ് ഖുതുബ'യുടെ സമയത്തും തിരുനബി ﷺ യുടെ ധന്യവാഹനം ഖസ്‌വാഅ് ആയിരുന്നു."

നാലോ അഞ്ചോ വയസ്സുള്ളപ്പോഴാണ് അൽ-ഖസ്‌വാഇനെ 400 വെള്ളി ദിർഹമിന് റസൂലുള്ളാഹി ﷺ വാങ്ങുന്നത്.

ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി(റ) തന്റെ ഫത്ഹുൽ ബാരിയിൽ വ്യക്തമാക്കുന്നത് പോലെ, 'ഖസ്‌വാഅ്' എന്ന വാക്കിന്റെ ഭാഷാപരമായ അർത്ഥം 'കാതിന്റെ അഗ്രം ചെറുതായി മുറിക്കപ്പെട്ട ഒട്ടകം' എന്നാണ്. എന്നാൽ ഈ ഒട്ടകത്തിന്റെ കാത് ജനിച്ചപ്പോഴേ അങ്ങനെയായിരുന്നോ അതോ പിന്നീട് മുറിക്കപ്പെട്ടതാണോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. എങ്കിലും ഭൂരിഭാഗം ഗവേഷകരും സാക്ഷ്യപ്പെടുത്തുന്നത് ഇതിന്റെ കാതുകൾ യഥാർത്ഥത്തിൽ മുറിക്കപ്പെട്ടിരുന്നില്ല എന്നാണ്. അതിന്റെ വേഗത, ഒട്ടകങ്ങൾക്കിടയിലെ അന്തസ്സ് എന്നിവ കാരണം സ്നേഹപൂർവ്വം വിളിക്കപ്പെട്ട ഒരു അപരനാമം മാത്രമായിരുന്നു അത്.

സീറത്തുൽ ഹലബിയ്യ പോലുള്ള ഗ്രന്ഥങ്ങൾ പ്രകാരം തിരുനബി ﷺ ക്ക് ഈ ഒട്ടകത്തിന് തന്നെ സാഹചര്യങ്ങൾക്കനുസരിച്ച് മറ്റു ചില പേരുകൾ കൂടിയുണ്ടായിരുന്നു:അൽ-ജദ്ആഅ് (الجدعاء): അതിവേഗത്തിൽ സഞ്ചരിക്കുന്ന ഒട്ടകം എന്ന അർത്ഥത്തിൽ.അൽ-അള്ബാഅ് (العضباء): ഒരിക്കലും മറ്റൊന്നിനും ഇതിനെ മറികടക്കാൻ കഴിയാത്തവിധം വേഗതയുള്ളത് എന്ന അർത്ഥത്തിൽ. സ്വഹീഹുൽ ബുഖാരിയിലെ ഒരു രിവായത്ത് പ്രകാരം, ഒരിക്കൽ ഒരു അഅ്റാബിയുടെ ഒട്ടകം ഇതിനെ മറികടന്നപ്പോൾ സ്വഹാബികൾക്ക് അത് വലിയ പ്രയാസമുണ്ടാക്കി. അപ്പോൾ നബി ﷺ അറിയിച്ചു: "ഈ ദുനിയാവിൽ അല്ലാഹു ഒന്നിനെ ഉയർത്തിയാൽ അതിനെ

താഴ്ത്തുക എന്നത് അല്ലാഹുവിന്റെ നിയമമാണ്".   അസ്സ്വഹ്ബാഅ് (الصهباء): കടും ചുവപ്പും ചാരനിറവും കലർന്ന അതിന്റെ ശരീരവർണ്ണത്തെ സൂചിപ്പിക്കുന്ന പേര്.

സ്വഹീഹുൽ ബുഖാരിയിലും ഇമാം ബഗവി(റ)യുടെ ശർഹുസ്സുന്നയിലും മക്കയിലേക്ക് പ്രവേശിക്കുന്ന വഴിയിൽ ഹുദൈബിയ്യയിൽ വെച്ച് ഖസ്‌വാഅ് പെട്ടെന്ന് മുട്ടുകുത്തുകയും മുന്നോട്ട് നീങ്ങാൻ വിസമ്മതിക്കുകയും ചെയ്ത ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.അപ്പോൾ സ്വഹാബികൾ പറഞ്ഞു: "ഖസ്‌വാഇന് വാശി കയറിയിരിക്കുന്നു (അത് വഴിമുടക്കിയിരിക്കുന്നു)." എന്നാൽ പ്രിയപ്പെട്ട വാഹനത്തെ പ്രതിരോധിച്ചുകൊണ്ട് തിരുനബി ﷺ അരുളി: "ഖസ്‌വാഇന് വാശി കയറിയിട്ടുമില്ല, അത് അതിന്റെ സ്വഭാവവുമല്ല. മറിച്ച് പണ്ട് അബ്രഹത്തിന്റെ   ആനയെ മക്കയിൽ കടക്കാതെ തടഞ്ഞുനിർത്തിയ ആ അദൃശ്യശക്തി തന്നെയാണ് ഇതിനെയും ഇവിടെ തടഞ്ഞുനിർത്തിയിരിക്കുന്നത്." (ഹുദൈബിയ്യ സന്ധിയിലൂടെ രക്തച്ചൊരിച്ചിൽ ഒഴിവാക്കാനുള്ള അല്ലാഹുവിന്റെ കൽപ്പന ആ മൃഗം അനുസരിക്കുകയായിരുന്നു എന്ന് അശ്അരി പണ്ഡിതന്മാർ ഇതിനെ വിശദീകരിക്കുന്നു).

ഇമാം ദമീരി(റ) തന്റെ ഹയാത്തുൽ ഹയവാനിലും ഇമാം ഇബ്നു സഅദ്(റ) തന്റെ ത്വബഖാതുൽ കുബ്രായിലും രേഖപ്പെടുത്തിയ ഒരു ചരിത്രമുണ്ട്:തിരുനബി ﷺ ഈ ദുനിയാവോട് വിടപറഞ്ഞതിന് ശേഷം ഖസ്‌വാഅ് എന്ന ഒട്ടകം കഠിനമായ ദുഃഖത്തിലാണ്ടുപോയി. സ്വഹാബികൾ എത്ര നിർബന്ധിച്ചിട്ടും മറ്റാരുടെയും കൈകളിൽ നിന്ന് ഒരു തുള്ളി വെള്ളമോ ഭക്ഷണമോ സ്വീകരിക്കാൻ അത് തയ്യാറായില്ല. തിരുനബിയുടെ വേർപാടിലുള്ള കടുത്ത വിഷമം കാരണം അതിന്റെ കണ്ണുകളിൽ നിന്ന് നിരന്തരം കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു. ഒടുവിൽ നബി ﷺ വഫാത്തായി ഏതാനും ദിവസങ്ങൾക്കകം പ്രവാചക വിയോഗത്തിലുള്ള കടുത്ത മനോവിഷമത്താൽ ആ പുണ്യജീവി ചത്തുപോവുകയാണുണ്ടായത്.

ചില സന്ദർഭങ്ങളിൽ തിരുനബി ﷺ ഖസ്‌വാഇന്റെ പുറത്തിരിക്കുമ്പോഴായിരുന്നു വഹ്യ് ഇറങ്ങിയിരുന്നത്. ഒരിക്കൽ, ഹിജ്റക്ക് ഒരു വർഷം മുമ്പ് ഒരൊറ്റ ഇരുത്തത്തിൽ വെച്ചാണ് മുഴുവൻ സൂറത്തുൽ അൻആം (165 ആയത്തുകൾ) ഇറങ്ങുന്നത്. മുആദ് ബിൻ ജബൽ

(റ) ന്റെ പിതൃസഹോദര പുത്രിയായ അസ്മാ ബിൻത് യസീദ് (റ) പറയുന്നു: "ഈ സൂറത്ത് അവതരിക്കുന്ന സമയത്ത് തിരുനബി ﷺ ഒരു ഒട്ടകത്തിന്റെ (ഖസ്വാഅ്) പുറത്തായിരുന്നു, ഞാൻ അതിന്റെ മൂക്കുകയർ പിടിച്ചിട്ടുണ്ടായിരുന്നു." ജിബ്‌രീൽ (അ) ന്റെ നേതൃത്വത്തിൽ എഴുപതിനായിരം (70,000) മലക്കുകൾ അകമ്പടി സേവിച്ചുകൊണ്ട് ഇറങ്ങിയ ഒരേയൊരു സൂറത്താണിത്. വഹ്‌യിന്റെ ആ കനത്ത ഭാരം താങ്ങാനാവാതെ അന്ന് ഖസ്വാഇന് നിലത്ത് മുട്ടുകുത്തേണ്ടി വന്നു.

<u>അദ്ധ്യായം2</u>

## 2 - സ്വാലിഹ് നബി (അ) ന്റെ ഒട്ടകവും നിയമങ്ങളും

അല്ലാഹുവിന്റെ പ്രവാചകന്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി അവരുമായി ബന്ധപ്പെട്ട ചില സവിശേഷ ജീവികൾക്ക് പരലോകത്ത് വലിയ പദവികളാണ് നൽകപ്പെട്ടിട്ടുള്ളത്. അന്ത്യനാളിൽ മണ്ണായിപ്പോകാതെ, ശാശ്വതമായി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് ജീവികളിൽ പെട്ടതാണ്   സ്വാലിഹ് നബി (അ) ന്റെ ഒട്ടകം. ഇമാം സ്വാവി(റ) തന്റെ തഫ്‌സീർ حاشية الصاوي-ലും, ഇമാം ദമീരി(റ) حياة الحيوان الكبرى-ലും ഇത് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ ഖുർആനിൽ 7 സ്ഥലങ്ങളിലാണ് ഈ ഒട്ടകത്തെക്കുറിച്ച് അല്ലാഹു പരാമർശിക്കുന്നത്. കേവലമൊരു മൃഗം എന്നതിനപ്പുറം അല്ലാഹു അതിനെ സ്വന്തത്തിലേക്ക് ചേർത്തുകൊണ്ട് "നാഖത്തുള്ളാഹ്" (അല്ലാഹുവിന്റെ ഒട്ടകം) എന്നാണ് വിശേഷിപ്പിച്ചത്.

തിരുനബി ﷺ തബൂക്ക് യുദ്ധവേളയിൽ സമൂദ് ഗോത്രക്കാരുടെ പ്രദേശമായ 'ഹിജ്ർ' വഴി കടന്നുപോയപ്പോൾ “ആ അത്ഭുത ഒട്ടകം വെള്ളം കുടിച്ചിരുന്ന കിണറ്റിൽ നിന്നുള്ള വെള്ളം മാത്രമേ ഉപയോഗിക്കാവൂ” എന്ന് സ്വഹാബികളോട് കൽപ്പിച്ചതായി സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും വന്നിട്ടുണ്ട്.

ഇമാം സ്വാവി(റ) വ്യക്തമാക്കുന്നത് പോലെ, ഈ ഒട്ടകം സാധാരണ ഒട്ടകങ്ങളെപ്പോലെ ഒരു ഗർഭപാത്രത്തിൽ നിന്നും ജനിച്ചതല്ല. സമൂദ് ഗോത്രക്കാർ സ്വാലിഹ് നബി (അ) യോട് തങ്ങളുടെ മുന്നിലുള്ള ഒരു വലിയ പാറയിൽ നിന്നും ഒരു ഒട്ടകം പുറത്തുവന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്ന് വെല്ലുവിളിച്ചു. സ്വാലിഹ് നബി (അ) അല്ലാഹുവോട് പ്രാർത്ഥിച്ചപ്പോൾ, ആ

പാറ  പിളരുകയും അതിൽ നിന്നും പൂർണ്ണവളർച്ചയെത്തിയ, ഗർഭിണിയായ ഒരു കൂറ്റൻ ഒട്ടകം പുറത്തുവരികയും ചെയ്തു. അല്ലാഹുവിന്റെ 'കുൻ' (ഉണ്ടാവുക) എന്ന ഒറ്റ കൽപ്പനയാൽ ഉണ്ടായതുകൊണ്ട് തന്നെ അതിന് വലിയ ആത്മീയ പദവിയുണ്ട്.

ഇമാം ദമീരി (റ) തന്റെ ഗ്രന്ഥത്തിൽ ഈ ഒട്ടകത്തിന്റെ സവിശേഷതകൾ വിവരിക്കുന്നുണ്ട്. “അത് സാധാരണ ഒട്ടകങ്ങളേക്കാൾ എത്രയോ വലിയ ശരീരപ്രകൃതിയുള്ളതായിരുന്നു. വറ്റാത്ത പാലിന്റെ ഉറവയായിരുന്നു അത്. അത് വെള്ളം കുടിക്കുന്ന ദിവസങ്ങളിൽ ആ താഴ്‌വരയിലെ വെള്ളം മുഴുവൻ കുടിക്കുമായിരുന്നു. എന്നാൽ അതിന് പകരമായി ആ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും കുടിക്കാൻ ആവശ്യമുള്ളത്ര പാൽ അത് ചുരത്തിക്കൊടുക്കുമായിരുന്നു.

അല്ലാഹു അതിന് വേണ്ടി ഒരു ദിവസം വെള്ളം കുടിക്കാൻ നിശ്ചയിച്ചിരുന്നു; ആ ദിവസം മറ്റ് മൃഗങ്ങളെയൊന്നും വെള്ളം കുടിക്കാൻ വിടരുതെന്ന് അല്ലാഹു കൽപ്പിച്ചിരുന്നു. ഇതായിരുന്നു ഖുർആൻ പറഞ്ഞ {لَّهَا شِرْبٌ وَلَكُمْ شِرْبُ يَوْمٍ مَّعْلُومٍ} (അതിന് ഒരു കുടിവെള്ള ഊഴമുണ്ട്, നിങ്ങൾക്ക് അറിയപ്പെട്ട ഒരു ദിവസത്തെ ഊഴവുമുണ്ട്)”.

ഇമാം അലൂസി(റ) തന്റെ റൂഹുൽ മആനിയിൽ വിശദീകരിക്കുന്നത് പോലെ, സമൂദ് ഗോത്രത്തിലെ അക്രമികൾ ഈ ഒട്ടകത്തെ അറുത്ത് കൊന്നപ്പോൾ, അതിന്റെ കുട്ടി (ഫസീൽ) കരഞ്ഞുകൊണ്ട് ആ പഴയ പാറയിലേക്ക് തന്നെ ഓടിമറയുകയാണുണ്ടായത്. പരലോകത്ത് വെച്ച് ഈ ഒട്ടകവും അതിന്റെ കുട്ടിയും ഒരുമിച്ച് ജീവനോടെ വരികയും, സ്വാലിഹ് നബി (അ) ക്ക് വിചാരണ നാളിലും സ്വർഗ്ഗത്തിലും പ്രൗഢിയോടെ സഞ്ചരിക്കാനുള്ള വാഹനമായി അല്ലാഹു ഇതിനെ നിശ്ചയിക്കുകയും ചെയ്യും.

ഇമാം ഇബ്നു കസീർ (റ) തന്റെ തഫ്സീറിലും ചരിത്ര ഗ്രന്ഥങ്ങളിലും വ്യക്തമാക്കുന്നത് പോലെ, സമൂദ് ഗോത്രക്കാർ ഒട്ടകത്തെ പുറത്തെടുക്കാൻ ആവശ്യപ്പെട്ട ആ പാറക്ക് മക്കയിലെ പണ്ഡിതന്മാർ "അൽ-കാതിബ" (الكاتبة) എന്ന് പേരിട്ടിരുന്നു. അത് കേവലമൊരു സാധാരണ പാറയായിരുന്നില്ല, മറിച്ച് ഒരു ഗർഭിണിയായ സ്ത്രീ പ്രസവവേദനയാൽ ചലിക്കുന്നത് പോലെ ആ പാറ ചലിക്കുകയും, ഒടുവിൽ അത് പിളർന്ന് ഒട്ടകം പുറത്തേക്ക് വരികയും ചെയ്തു എന്നാണ് ചരിത്രം.

വിശുദ്ധ ഖുർആൻ സൂറത്തുശ്ശംസിൽ (അവരിലെ ഏറ്റവും വലിയ നിർഭാഗ്യവാൻ മുന്നോട്ട് വന്നപ്പോൾ) എന്ന് വിശേഷിപ്പിച്ച ആ ക്രൂരന്റെ പേര് "ഖുദാർ ബിൻ സാലിഫ്" എന്നാണ്. ഇസ്ലാമിക ചരിത്രത്തിൽ ഇയാളെ "അഖറു നാഖത്തില്ലാഹ്" (അല്ലാഹുവിന്റെ ഒട്ടകത്തെ അറുത്തവൻ) എന്നാണ് വിളിക്കുന്നത്. തിരുനബി ﷺ അവനെക്കുറിച്ച് പറഞ്ഞത്, അവൻ ചുവന്ന നിറമുള്ളവനും, നീലക്കണ്ണുകളുള്ളവനും, വ്യഭിചാരത്തിൽ ജനിച്ചവനും, തന്റെ ഗോത്രത്തിൽ വലിയ സ്വാധീനമുള്ള ക്രൂരനുമായിരുന്നു എന്നാണ്.ഒട്ടകത്തെ കൊല്ലാൻ ഇയാൾക്ക് കൂട്ടുനിന്നത് ഒമ്പത് ആളുകളായിരുന്നു (സൂറത്തുന്നംലിൽ അല്ലാഹു പറഞ്ഞ ഒമ്പത് സംഘം).

ഒട്ടകം അറുക്കപ്പെട്ടപ്പോൾ അതിന്റെ കുട്ടി ഉച്ചത്തിൽ മൂന്ന് തവണ കരഞ്ഞു എന്ന് തഫ്സീറുകളിൽ വന്നിട്ടുണ്ട്. ഈ മൂന്ന് കരച്ചിലുകൾക്ക് ശേഷമാണ് മൂന്ന് ദിവസത്തിനകം സമൂദ് ഗോത്രത്തിന് മേൽ അല്ലാഹുവിന്റെ ശിക്ഷ (ഭയങ്കരമായ ശബ്ദം) ഇറങ്ങിയത്. ഒന്നാമത്തെ ദിവസം അവരുടെ മുഖം മഞ്ഞനിറമായി, രണ്ടാമത്തെ ദിവസം ചുവപ്പായി, മൂന്നാമത്തെ ദിവസം കറുപ്പായി മാറി, നാലാമത്തെ ദിവസം അവർ നശിച്ചു.

ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ രണ്ട് നിർഭാഗ്യവാന്മാരെക്കുറിച്ച് തിരുനബി ﷺ അലി (റ) യോട് പറയുന്നുണ്ട്: "ഒന്ന്, സ്വാലിഹ് നബിയുടെ ഒട്ടകത്തെ അറുത്ത ഖുദാർ ബിൻ സാലിഫും. രണ്ട്, നിന്റെ താടി രക്തത്താൽ നനയ്ക്കുന്നവനുമാണ് (ഇബ്നു മുൽജം)."

<u>**അദ്ധ്യായം3**</u>

## 3 - സുലൈമാൻ നബി (അ) ന്റെ  ചാരനായ ഹുദ്ഹുദ്

അന്ത്യനാളിൽ വിചാരണക്ക് ശേഷം മണ്ണായിപ്പോകാതെ, പ്രവാചകനേ സേവിച്ച പുണ്യത്താൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് ഉത്തമ ജീവികളിൽ പെട്ടതാണ്   ഈ പക്ഷി.

വിശുദ്ധ ഖുർആനിൽ സൂറത്തുന്നംലിൽ സുലൈമാൻ നബി (അ) ന്റെയും സബഅ് നാട്ടിലെ രാജ്ഞിയായ ബൽഖീസിന്റെയും ചരിത്രം പറയുന്നിടത്താണ് ഹുദ്ഹുദിന്റെ ചരിത്രം അല്ലാഹു വിവരിക്കുന്നത്.

സൂര്യനെ വണങ്ങുന്ന ബൽഖീസ് രാജ്ഞിയുടെ ജനതയെക്കുറിച്ച് സുലൈമാൻ നബി (അ) യോട് വന്ന് ഹുദ്ഹുദ് പറയുന്നത് ഖുർആൻ

ഇങ്ങനെ രേഖപ്പെടുത്തുന്നു:"ആകാശങ്ങളിലും ഭൂമിയിലുമുള്ള ഒളിഞ്ഞിരിക്കുന്ന കാര്യങ്ങളെ പുറത്തുകൊണ്ടുവരുന്നവനായ അല്ലാഹുവിന് അവർ സുജൂദ് ചെയ്യാതിരിക്കാൻ വേണ്ടിയാണോ (പിശാച് അവർക്കത് ഭംഗിയാക്കിക്കൊടുത്തത്)?" (സൂറത്തുന്നംല്: 25)

ഹുദ്ഹുദ് പക്ഷിക്ക് ഇസ്‌ലാമിലുള്ള വലിയ സ്ഥാനം കാരണം, അതിനെ ഉപദ്രവിക്കാനോ കൊല്ലാനോ പാടില്ലെന്ന് തിരുനബി ﷺ കർശനമായി വിലക്കിയിട്ടുണ്ട്. ഇമാം ഇബ്നു ഹജർ അസ്ഖലാനി(റ) സ്വഹീഹാക്കിയ ഹദീസിൽ കാണാം: "നാല് ജീവികളെ കൊല്ലുന്നത് തിരുനബി ﷺ വിലക്കിയിരിക്കുന്നു: ഉറുമ്പ്, തേനീച്ച, ഹുദ്ഹുദ് പക്ഷി, സുറദ് പക്ഷി." ഇതിന്റെ അടിസ്ഥാനത്തിലാണ് ശാഫി മദ്ഹബിൽ ഹുദ്ഹുദ് പക്ഷിയെ ഭക്ഷിക്കൽ ഹറാമാക്കപ്പെട്ടിട്ടുള്ളത്.

ഇമാം ദമീരി (റ) തന്റെ ഹയാത്തുൽ ഹയവാനുൽ കുബ്രായിൽ ഹുദ്ഹുദിന് അല്ലാഹു നൽകിയ ഒരു അത്ഭുത സിദ്ധിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഭൂമിയുടെ എത്രയോ ആഴത്തിലുള്ള അടിത്തട്ടിലെ ജലസാന്നിധ്യം കൃത്യമായി കാണാൻ അല്ലാഹു അതിന് കാഴ്ച്ച നൽകിയിരുന്നു. സുലൈമാൻ നബി (അ) യും സൈന്യവും വനങ്ങളിലൂടെയും മരുഭൂമികളിലൂടെയും യാത്ര ചെയ്യുമ്പോൾ, സൈന്യത്തിന് വുളൂഅ് ചെയ്യാനും കുടിക്കാനുമുള്ള വെള്ളം എവിടെയാണുള്ളതെന്ന് ഭൂമിക്ക് മുകളിൽ പറന്നുനടന്ന് കണ്ടെത്തുന്നത് ഈ ഹുദ്ഹുദ് പക്ഷിയായിരുന്നു. അത് അടയാളപ്പെടുത്തുന്ന സ്ഥലത്തായിരുന്നു ജിന്നുകളും മനുഷ്യരും അടങ്ങുന്ന സൈന്യം കിണറുകൾ കുഴിച്ചിരുന്നത്.

തന്റെ യജമാനനായ പ്രവാചകനോട് അനുസരണക്കേട് കാണിക്കാതെ വിശ്വസ്തതയോടെ ദൂത് നിർവ്വഹിച്ചുവെന്നതും, ഒരു നാടിനെ മുഴുവൻ ശിർക്കിൽ  നിന്നും തൗഹീദിലേക്ക് നയിക്കാൻ കാരണക്കാരനായി എന്നതുമാണ് അതിനെ സ്വർഗ്ഗാവകാശിയാക്കിയത്.

ബൽഖീസ് രാജ്ഞിക്ക് സുലൈമാൻ നബി (അ) യുടെ കത്ത് എത്തിച്ചുകൊടുത്തത് ഈ പക്ഷിയായിരുന്നു. ഇമാം അലൂസി(റ) തന്റെ റൂഹുൽ  മആനിയിൽ പ്രസ്താവിക്കുന്നത് പോലെ, സ്വന്തം ജീവൻ പണയം വെച്ച് അല്ലാഹുവിന്റെ ദീനിന് വേണ്ടി പ്രബോധനം നടത്തിയ ഒരു പക്ഷിയെ അല്ലാഹു പരലോകത്ത് മണ്ണാക്കി മാറ്റുകയില്ല. മറിച്ച്, സ്വർഗ്ഗത്തിലെ പക്ഷികൾക്കിടയിൽ ഏറ്റവും മനോഹരമായ

അലങ്കാരങ്ങളോടെ, സുലൈമാൻ നബി (അ) യുടെ പ്രിയപ്പെട്ട പക്ഷിയായി അത് സ്വർഗ്ഗത്തോപ്പുകളിൽ ജീവിക്കും.

അറബി ഭാഷയിലും ശമാഇൽ ഗ്രന്ഥങ്ങളിലും സുലൈമാൻ നബി (അ) ന്റെ ഹുദ്ഹുദ് പക്ഷിക്ക് ചില പ്രത്യേക വിളിപ്പേരുകൾ നൽകിയിട്ടുണ്ട്. അറബികൾ അതിനെ "അബുൽ അഖ്ബാർ" (അറിവുകളുടെയും വാർത്തകളുടെയും പിതാവ്) എന്നും "അബുർറബീഅ്" എന്നും വിളിച്ചിരുന്നു. ഇമാം ബഗവി(റ) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയത് പ്രകാരം സുലൈമാൻ നബി (അ) ന്റെ പ്രത്യേക സൈനിക വിഭാഗത്തിൽപ്പെട്ട ഈ ഹുദ്ഹുദ് പക്ഷിയുടെ യഥാർത്ഥ പേര് 'യഅ്ഫൂർ' (يعفور) എന്നായിരുന്നു.

ഇമാം ഫക്റുദ്ദീൻ റാസി(റ) തന്റെ മഫാതീഹുൽ ഗൈബ് എന്ന തഫ്സീറിൽ ഒരു ഭരണാധികാരിയുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ഹുദ്ഹുദിന്റെ ചരിത്രത്തിൽ നിന്നും ഒരു വലിയ പാഠം പുറത്തെടുക്കുന്നുണ്ട്. കോടിക്കണക്കിന് വരുന്ന ജിന്നുകളും മനുഷ്യരും മൃഗങ്ങളും അടങ്ങുന്ന വൻ സൈന്യത്തിന്റെ അധിപനായിട്ടുകൂടി, ഹുദ്ഹുദ് എന്ന ചെറിയൊരു പക്ഷി സദസ്സിൽ ഇല്ലാത്തത് സുലൈമാൻ നബി (അ) കൃത്യമായി മനസ്സിലാക്കി.

ഭരണാധികാരി തന്റെ കീഴിലുള്ള ഏറ്റവും ചെറിയ സൃഷ്ടിയുടെ കാര്യത്തിൽ പോലും ശ്രദ്ധാലുവായിരിക്കണം എന്നതിന്റെ വലിയൊരു ഭരണതന്ത്ര പാഠമാണിത്. ആ മരുഭൂമിയിൽ സൈന്യത്തിന് കുടിവെള്ളം കണ്ടെത്തുക എന്ന വലിയൊരു ദൗത്യം നിർവ്വഹിക്കേണ്ടിയിരുന്നതിനാലാണ് സുലൈമാൻ നബി (അ) ഹുദ്ഹുദിനെ പ്രത്യേകം തിരഞ്ഞത്.

ഹുദ്ഹുദ് പക്ഷി സുലൈമാൻ നബി (അ) ന്റെ സദസ്സിലേക്ക് മടങ്ങിവന്നപ്പോൾ ഭയന്നുവിറച്ചു നിൽക്കുകയല്ല ചെയ്തത്. മറിച്ച്, വളരെ ആവേശത്തോടെ സുലൈമാൻ നബിയോട് പറഞ്ഞു: {അങ്ങേക്ക് അറിയാത്ത ചില കാര്യങ്ങൾ ഞാൻ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുണ്ട്} (സൂറത്തുന്നംല്: 22).

ഇമാം ഗസ്സാലി (റ) തന്റെ ഇഹ്യാ ഉലൂമിദ്ദീനിൽ ഹുദ്ഹുദിന്റെ ആത്മീയ ബുദ്ധിയെ വളരെയധികം പുകഴ്ത്തുന്നുണ്ട്. ബൽഖീസ് രാജ്ഞിയുടെ നാട്

സന്ദർശിച്ച ഹുദ്ഹുദ് അവരുടെ കൊട്ടാരത്തിന്റെ വലിപ്പത്തിലോ സ്വർണ്ണക്കൂട്ടിലോ അല്ല അത്ഭുതപ്പെട്ടത്. മറിച്ച്, അവർ അല്ലാഹുവിനെ വിട്ട് സൂര്യനെ വണങ്ങുന്നതിലാണ് അത് ആകുലപ്പെട്ടത്.

തുടർന്ന് അത് പറഞ്ഞ വചനം ശ്രദ്ധേയമാണ്: {ആകാശങ്ങളിലും ഭൂമിയിലുമുള്ള ഒളിഞ്ഞിരിക്കുന്ന കാര്യങ്ങളെ പുറത്തുകൊണ്ടുവരുന്നവനായ അല്ലാഹുവിന് അവർ സുജൂദ് ചെയ്യാതിരിക്കുകയോ?} ഭൂമിയുടെ അടിയിലെ ഒളിഞ്ഞിരിക്കുന്ന ജലം കണ്ടെത്താൻ അല്ലാഹു തനിക്ക് നൽകിയ ആ ശാസ്ത്രീയ കഴിവ് ഓർത്തുപോലുമായിരിക്കാം ഹുദ്ഹുദ് അല്ലാഹുവിനെ 'ഒളിഞ്ഞിരിക്കുന്നവയെ പുറത്തെടുക്കുന്നവൻ' എന്ന് വിശേഷിപ്പിച്ചത്.

ഹുദ്ഹുദ് പക്ഷിയെ കൊല്ലുന്നത് ഹറാമാക്കാനുള്ള കാരണം ശാഫി ഫുഖഹാക്കൾ (ഇമാം റാഫിഈ, ഇമാം ഖത്ത്വാബി റ) രണ്ട് കാര്യങ്ങളാൽ വിശദീകരിക്കുന്നു:

ഒന്ന് :   അല്ലാഹുവിന്റെ ദീനിനെ ഒരു നാട്ടിൽ പ്രബോധനം ചെയ്യാനും ഒരു ജനതയെ മുഴുവൻ ഇസ്‌ലാമിലേക്ക് നയിക്കാനും കാരണക്കാരനായ ഒന്നിന്റെ ചോര ചിന്തുന്നത് ഇസ്‌ലാം ഇഷ്ടപ്പെടുന്നില്ല. അത് ആ പക്ഷിക്കുള്ള ആദരവാണ്.

രണ്ട്: മനുഷ്യർക്കോ കൃഷിക്കോ യാതൊരുവിധ ഉപദ്രവവും ചെയ്യാത്ത, മനുഷ്യർ സാധാരണ തിന്നാൻ ഇഷ്ടപ്പെടാത്ത ഒരു ജീവിയെ വെറുതെ കൊന്നൊടുക്കുന്നത് അല്ലാഹുവിന്റെ സൃഷ്ടിപ്പുകളോടുള്ള അതിക്രമമാണ്.

ഇമാം ബഗവി(റ) തന്റെ മആലിമുത്തൻസീൽ എന്ന തഫ്സീറിൽ ഹുദ്ഹുദ് പക്ഷിയുടെ യാത്രാവേഗതയെക്കുറിച്ച് ഒരു കാര്യം ഉദ്ധരിക്കുന്നുണ്ട്. സുലൈമാൻ നബി (അ) ന്റെ ആസ്ഥാനമായ ഫലസ്തീനിലെ ബൈത്തുൽ മുഖദ്ദസിൽ നിന്നും യെമനിലെ സബഅ് ദേശം വരെയുള്ള കിലോമീറ്ററുകളോളം നീണ്ടുകിടക്കുന്ന ദൂരം വളരെ ചുരുങ്ങിയ സമയം കൊണ്ടാണ് ഹുദ്ഹുദ് പക്ഷി പറന്നുതീർത്തത്.

ഇത് പക്ഷിയുടെ സാധാരണ ശാരീരിക കഴിവ് കൊണ്ടായിരുന്നില്ല. മറിച്ച്, അല്ലാഹു അതിന് വേണ്ടി ഭൂമിയെ ചുരുട്ടിക്കൊടുക്കുകയായിരുന്നു.

## **അദ്ധ്യായം4**

## 4 - സുലൈമാൻ നബി (അ) ന്റെ നീതിമതിയായ  ഉറുമ്പ്

വിശുദ്ധ ഖുർആനിൽ ഒരു വലിയ സൂറത്തിന് തന്നെ പേര് നൽകാൻ (സൂറത്തുന്നംല് - ഉറുമ്പ്) അള്ളാഹു തിരഞ്ഞെടുത്തത് ഒരു ചെറിയ ഉറുമ്പിന്റെ വിവേകപൂർണ്ണമായ ചരിത്രത്തെ മുൻനിർത്തിയാണ്. അന്ത്യനാളിൽ വിചാരണക്ക് ശേഷം മണ്ണായിപ്പോകാതെ, പ്രവാചകനെ ബഹുമാനിച്ചതുകൊണ്ടും സ്വന്തം ജനതയോട് കരുണ കാണിച്ചതുകൊണ്ടും സ്വർഗ്ഗത്തിൽ  പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ പെട്ടതാണ്  സുലൈമാൻ നബി (അ) ന്റെ ഈ 'ഉറുമ്പ്'.

സുലൈമാൻ നബി (അ) യും അവിടുത്തെ ജിന്നുകളും മനുഷ്യരും അടങ്ങുന്ന വൻ സൈന്യവും 'വാദിന്നംല് (ഉറുമ്പുകളുടെ താഴ്‌വര) എന്ന പ്രദേശത്തിലൂടെ കടന്നുപോകുമ്പോഴാണ് ഈ ഉറുമ്പ് തന്റെ കൂട്ടരെ രക്ഷിക്കാൻ മുന്നോട്ട് വരുന്നത്. ആ രംഗം വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:"അങ്ങനെ അവർ ഉറുമ്പുകളുടെ താഴ്‌വരയിലെത്തിയപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: ഹേ, ഉറുമ്പുകളേ! നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അവരറിയാതെ നിങ്ങളെ ചവിട്ടി മെതിക്കാതിരിക്കട്ടെ." (സൂറത്തുന്നംല്: 18)

ഒരു ചെറിയ ഉറുമ്പിന്റെ വാക്കുകൾ കേട്ട് സുലൈമാൻ നബി (അ) അത്ഭുതപ്പെടുകയും സന്തോഷത്താൽ പുഞ്ചിരിക്കുകയും, തനിക്ക് ലഭിച്ച വലിയ അനുഗ്രഹത്തിന് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ഇമാം സ്വാവി(റ) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയത് പ്രകാരം ഈ ഉറുമ്പിന് 'ത്വാഖിയ്യ' (طاخية) എന്നൊരു പേരുണ്ടായിരുന്നു. ചിറകുകളുള്ള, ചെറിയൊരു മുടന്തുള്ള ഒരു ഉറുമ്പായിരുന്നു അത്.

ഇമാം ദമീരി (റ) തന്റെ ഹയാത്തുൽ ഹയവാനുൽ കുബ്രായിൽ വ്യക്തമാക്കുന്നത് പോലെ, ഈ ഉറുമ്പ് വെറുമൊരു മൃഗസഹജമായ ബുദ്ധിയല്ല പ്രകടിപ്പിച്ചത്. മറിച്ച്, ഒരു മികച്ച ഭരണാധികാരിയെപ്പോലെ തന്റെ ജനതയെ മുഴുവൻ സുരക്ഷിത സ്ഥാനത്തേക്ക് നയിക്കാനുള്ള 'ഭരണവിവേകം' അത് കാണിച്ചു. അതിലുപരിയായി, സുലൈമാൻ നബി (അ) യും സൈന്യവും നീതിമാന്മാരാണെന്നും അവർ തങ്ങളെ

ചവിട്ടുകയാണെങ്കിൽ അത് മനഃപൂർവ്വമായിരിക്കില്ല, അവർ അറിയാതെ സംഭവിക്കുന്നതായിരിക്കും  എന്നും പറഞ്ഞുകൊണ്ട് പ്രവാചകന്റെ നീതിയെ അത് സാക്ഷ്യപ്പെടുത്തി.

ഇമാം അലൂസി(റ) തന്റെ റൂഹുൽ മആനിയിൽ ഈ ഉറുമ്പിന്റെ വാക്കുകളിലെ ഭാഷാപരമായ അത്ഭുതത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. അത് തന്റെ കൂട്ടുകാരോട് പറഞ്ഞ ഒറ്റ വചനത്തിൽ ഭാഷാശാസ്ത്രത്തിലെ പത്ത് വ്യത്യസ്ത ശൈലികളാണ് (نداء - വിളി, تنبيه - ഓർമ്മപ്പെടുത്തൽ, أمر - കൽപ്പന, تحذير - താക്കീത്, اعتذار - ക്ഷമാപണം തുടങ്ങിയവ) അടങ്ങിയിരിക്കുന്നത്. ഇത്രയും വലിയ ജ്ഞാനം അല്ലാഹു നൽകിയ ആ ഉറുമ്പിനെ അല്ലാഹു പരലോകത്ത് മണ്ണാക്കി മാറ്റുകയില്ല. മറിച്ച് സ്വർഗ്ഗത്തോപ്പുകളിൽ സുലൈമാൻ നബി (അ) ന്റെ ആദരവോടെ അതിനെ അല്ലാഹു നിലനിർത്തും.

ഇമാം ദമീരി(റ) തന്റ ഹയാത്തുൽ ഹയവാനിൽ ഉറുമ്പിന്റെ ആത്മീയ ബോധത്തെ ഉണർത്തുന്ന മനോഹരമായൊരു ചരിത്രം ഉദ്ധരിക്കുന്നുണ്ട്. ഉറുമ്പിന്റെ വിവേകം കണ്ട സുലൈമാൻ നബി (അ) അതിനോട് ചോദിച്ചു: "ഒരു വർഷം നിനക്ക് ജീവിക്കാൻ എത്ര തരി ഗോതമ്പ് വേണം?" ഉറുമ്പ് പറഞ്ഞു: "ഒരു തരി ഗോതമ്പ് മതി." പ്രവാചകൻ അതിനെ ഒരു കുപ്പിക്കുള്ളിലാക്കി ഒരു തരി ഗോതമ്പും കൊടുത്ത് ഒരു വർഷത്തേക്ക് അടച്ചുവെച്ചു.

വർഷം തികഞ്ഞ് കുപ്പി തുറന്നപ്പോൾ ഉറുമ്പ് ആ ഗോതമ്പ് മണിയുടെ പകുതി മാത്രമേ തിന്നിട്ടുള്ളൂ എന്ന് കണ്ട് പ്രവാചകൻ അത്ഭുതപ്പെട്ടു. കാരണം തിരക്കിയപ്പോൾ ആ ഉറുമ്പ് പറഞ്ഞ മറുപടി പണ്ഡിതന്മാർ തവക്കുലിന് തെളിവായി ഉദ്ധരിക്കുന്നു: "ഹേ, അല്ലാഹുവിന്റെ പ്രവാചകരേ! ഞാൻ ഭൂമിയിൽ സ്വതന്ത്രയായിരുന്നപ്പോൾ അല്ലാഹുവായിരുന്നു എനിക്ക് ഭക്ഷണം   തന്നിരുന്നത്. അവൻ എന്നെ ഒരിക്കലും മറക്കില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു. എന്നാൽ അങ്ങ് എന്നെ കുപ്പിയിലടച്ച് എന്റെ ഭക്ഷണം അങ്ങയുടെ ഉത്തരവാദിത്തത്തിലായപ്പോൾ, മനുഷ്യനായ അങ്ങ് എന്നെ ചിലപ്പോൾ മറന്നുപോയേക്കുമെന്ന് ഞാൻ ഭയന്നു.   അതുകൊണ്ട് അടുത്ത വർഷത്തേക്ക് വേണ്ടി ഞാൻ പകുതി കരുതിവെച്ചതാണ്."

ശാഫി മദ്ഹബിലെ ഫുഖഹാക്കൾ മഴക്ക് വേണ്ടിയുള്ള പ്രത്യേക നിസ്കാരത്തിന്റെ (ഇസ്തിസ്ഖാഅ്) ബാബുകളിൽ ഉറുമ്പിന്റെ ഒരു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്:

ഒരിക്കൽ സുലൈമാൻ നബി (അ) യും സൈന്യവും മഴക്ക് വേണ്ടി പ്രാർത്ഥിക്കാൻ പുറപ്പെട്ടപ്പോൾ വഴിയിൽ ഒരു ഉറുമ്പ് മലർന്നു കിടന്ന് അതിന്റെ കാലുകൾ ആകാശത്തേക്ക് ഉയർത്തി പ്രാർത്ഥിക്കുന്നത് കണ്ടു: "അല്ലാഹുവേ, ഞങ്ങൾ നിന്റെ സൃഷ്ടികളിൽപ്പെട്ട ചെറിയൊരു സൃഷ്ടിയാണ്. നിന്റെ മഴയില്ലാതെ ഞങ്ങൾക്ക് ജീവിക്കാൻ കഴിയില്ല. ഒന്നുകിൽ ഞങ്ങൾക്ക് മഴ തരേണമേ, അല്ലെങ്കിൽ ഞങ്ങളെ നശിപ്പിക്കരുതേ." ഇത് കണ്ട സുലൈമാൻ നബി (അ) സൈന്യത്തോട് പറഞ്ഞു: "നിങ്ങൾ മടങ്ങിക്കൊള്ളുക, ആ ചെറിയ ഉറുമ്പിന്റെ പ്രാർത്ഥന കാരണം അല്ലാഹു നമുക്ക് മഴ നൽകിയിരിക്കുന്നു."

ഇതിന്റെ അടിസ്ഥാനത്തിലാണ് ശാഫി ഫിഖ്ഹ് പ്രകാരം മഴക്കായുള്ള പ്രാർത്ഥനക്ക് പോകുമ്പോൾ പാപങ്ങളില്ലാത്ത മൃഗങ്ങളെയും ജീവികളെയും കൂടെക്കൂട്ടുന്നത് പ്രാർത്ഥനക്ക് വേഗത്തിൽ ഉത്തരം കിട്ടാൻ കാരണമാകുമെന്ന് പണ്ഡിതന്മാർ വ്യക്തമാക്കുന്നത്.

വിശുദ്ധ ഖുർആനിൽ ഉറുമ്പ് തന്റെ കൂട്ടുകാരോട് പറയുന്നത് {സുലൈമാനും സൈന്യവും നിങ്ങളെ ചവിട്ടി മെതിക്കാതിരിക്കട്ടെ (ലാ യഹ്ത്വിമന്നക്കും)} എന്നാണ്. അറബി ഭാഷയിൽ 'ഹത്മ്' (حطم) എന്നാൽ ഗ്ലാസ്സ് പോലെയുള്ള കട്ടിയുള്ള വസ്തുകൾ തല്ലിപ്പൊട്ടിക്കുന്നതിനാണ് ഉപയോഗിക്കുക.

ആധുനിക ശാസ്ത്രം ഉറുമ്പുകളെക്കുറിച്ച് പഠിച്ചപ്പോൾ കണ്ടെത്തിയത്, ഉറുമ്പുകളുടെ ശരീരത്തിന്റെ പുറംഭാഗം നിർമ്മിക്കപ്പെട്ടിരിക്കുന്നത് 'കൈറ്റിൻ' (Chitin) എന്ന ഗ്ലാസ്സിന് സമാനമായ കട്ടിയുള്ള പദാർത്ഥം കൊണ്ടാണെന്നാണ്. അതുകൊണ്ട് അവയുടെ മേൽ കാൽ അമരുമ്പോൾ ശരീരം ചതയുകയല്ല, മറിച്ച് ഗ്ലാസ്സ് പൊട്ടുന്നത് പോലെ 'പൊട്ടിപ്പോവുകയാണ്' ചെയ്യുന്നത്. ഒരു ചെറിയ ഉറുമ്പിന്റെ വാക്കിലൂടെ അല്ലാഹു വെളിപ്പെടുത്തിയ ആ ഭാഷാപരമായ കൃത്യത ഖുർആന്റെ വലിയൊരു ശാസ്ത്രീയ അത്ഭുതമാണ്.

ഇമാം അബൂ ഹാമിദ് അൽ-ഗസ്സാലി(റ) തന്റെ ഇഹ്‌യാ ഉലൂമിദ്ദീനിലും, ഇമാം ദമീരി(റ) തങ്ങളുടെ ഗ്രന്ഥങ്ങളിലും ഉറുമ്പുകളുടെ ഭക്ഷണ സംഭരണത്തെക്കുറിച്ച് അല്ലാഹു നൽകിയ ഒരു വലിയ അത്ഭുതം വിവരിക്കുന്നുണ്ട്:ഉറുമ്പുകൾ തങ്ങൾക്ക് മഞ്ഞുകാലത്ത് കഴിക്കാനായി മണ്ണടിയിൽ ഗോതമ്പ്, വരിനെല്ല് തുടങ്ങിയ ധാന്യങ്ങൾ സംഭരിച്ചു വെക്കുമ്പോൾ, അവ ആ ധാന്യമണികളെ "കൃത്യമായി നടുക്കുവെച്ച് കടിച്ചു മുറിച്ച് രണ്ട് കഷണങ്ങളാക്കി" മാത്രമേ സൂക്ഷിക്കുകയുള്ളൂ. മണ്ണിലെ ഈർപ്പവും വെള്ളവും തട്ടുമ്പോൾ ഈ ധാന്യങ്ങൾ മുളച്ചുപോകാതിരിക്കാനാണ് ഉറുമ്പുകൾ ഇങ്ങനെ ചെയ്യുന്നത്. ധാന്യം മുളച്ചാൽ അത് അവയ്ക്ക് ഭക്ഷണമായി ഉപയോഗിക്കാൻ കഴിയില്ലെന്ന് അല്ലാഹു അവയെ പഠിപ്പിച്ചിരിക്കുന്നു.

ഇതിനേക്കാൾ വലിയ അത്ഭുതം, ഉറുമ്പുകൾ 'മല്ലി വിത്തുകൾ' (Coriander seeds) സംഭരിക്കുമ്പോൾ അവ അതിനെ രണ്ട് കഷണങ്ങളല്ല, പകരം "നാല് കഷണങ്ങളായി" മുറിക്കുന്നു. കാരണം മല്ലി വിത്ത് പകുതിയാക്കിയാലും മുളയ്ക്കാനുള്ള ശേഷിയുള്ള ഒരേയൊരു വിത്താണ്. അത് നാലാക്കിയാൽ മാത്രമേ മുളയ്ക്കാതിരിക്കൂ എന്ന് ഈ ചെറിയ ഉറുമ്പിന് അറിയാം. ഈ അസാധാരണ ജ്ഞാനം നൽകപ്പെട്ടതിനാലാണ് അത് സ്വർഗ്ഗത്തിൽ ആദരിക്കപ്പെടുന്നത്.

**<u>അദ്ധ്യായം5</u>**

## 5 - അസ്ഹാബുൽ കഹ്ഫിന്റെ കാവൽക്കാരൻ: ഖിഥ്മീർ

ഇസ്‌ലാമിക വിശ്വാസത്തിലും ആത്മീയ ചരിത്രത്തിലും ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒരു ജീവിയാണ് അസ്ഹാബുൽ കഹ്ഫിന്റെ കൂടെ 309 വർഷക്കാലം ഉറങ്ങുകയും അവർക്ക് കാവലിരിക്കുകയും ചെയ്ത ഖിഥ്മീർ (قطمير) എന്ന നായ. ഒരു മൃഗമായിട്ടുകൂടി, അല്ലാഹുവിന്റെ വലിയ്യാക്കളെ സ്നേഹിക്കുകയും അവരെ പിന്തുടരുകയും ചെയ്ത ഒരൊറ്റ പുണ്യത്താൽ അന്ത്യനാളിൽ മണ്ണായിപ്പോകാതെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനമാണ് ഇതിനുള്ളത്. ഇമാം സ്വാവി(റ) തന്റെ ഹാശിയത്തുസ്സ്വാവിയിലും, ഇമാം ദമീരി(റ) ഹയാത്തുൽ ഹയവാനിലും ഇതിന്റെ സർവ്വ ചരിത്രങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ ഖുർആൻ സൂറത്തുൽ കഹ്ഫിൽ ഈ നായയെക്കുറിച്ച് നാല് സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്. ഗുഹാവാസികളായ യുവാക്കൾ തങ്ങളുടെ ഈമാൻ  സംരക്ഷിക്കാൻ അക്രമിയായ രാജാവിൽ നിന്നും രക്ഷപ്പെട്ട് ഓടുമ്പോൾ വഴിയിൽ വെച്ചാണ് ഈ നായ ഇവരെ പിന്തുടരുന്നത്. തങ്ങളെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുമെന്ന് ഭയന്ന് യുവാക്കൾ അതിനെ ഓടിക്കാൻ നോക്കിയപ്പോൾ അല്ലാഹു ആ നായക്ക് സംസാരിക്കാനുള്ള ശേഷി നൽകിയെന്നാണ് ചരിത്രം. അത് അവരോട് പറഞ്ഞു: "നിങ്ങൾ എന്നെ ഓടിക്കരുത്, ഞാൻ അല്ലാഹുവിന്റെ വലിയ്യാക്കളെ സ്നേഹിക്കുന്നവനാണ്. നിങ്ങൾ ഉറങ്ങിക്കൊള്ളുക, ഞാൻ നിങ്ങൾക്ക് കാവലിരിക്കാം."

ഇമാം ദമീരി (റ) തന്റെ ഗ്രന്ഥത്തിൽ ഈ നായയുടെ പേരിനെക്കുറിച്ചുള്ള വിവിധ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രശസ്തമായ പേര് ഖിഥ്മീർ എന്നാണ്. അലി (റ) ൽ നിന്നുള്ള നിവേദനത്തിൽ ഇതിന്റെ പേര് റയ്യാൻ എന്നും വന്നിട്ടുണ്ട്. കറുപ്പും ചുവപ്പും കലർന്ന ശരീരവർണ്ണമുള്ള ഒരു നായാട്ടുനായയായിരുന്നു അത്.

വിശുദ്ധ ഖുർആൻ ഈ നായ കിടന്ന അവസ്ഥയെ വിശേഷിപ്പിച്ചത് {അതിന്റെ രണ്ട് കൈകളും ഗുഹാമുഖത്ത് നീട്ടിവെച്ച നിലയിൽ (ബാസിത്വുൻ ദിറാഅയ്ഹി)} എന്നാണ്. 309 വർഷക്കാലം ഒരു നായ ഒരേ കിടപ്പ് കിടന്നിട്ടും അതിന്റെ ശരീരം ജീർണ്ണിച്ചുപോയില്ല എന്നത് വലിയൊരു അത്ഭുതമാണ്.

ആധുനിക വൈദ്യശാസ്ത്രം തെളിയിക്കുന്നത്, ഒരു നായ അതിന്റെ രണ്ട് കൈകളും മുന്നോട്ട് നീട്ടിവെച്ച് നെഞ്ചിന്റെ ഭാഗം മണ്ണിൽ മുട്ടിക്കാതെ കിടക്കുമ്പോൾ മാത്രമേ അതിന്റെ ആന്തരികാവയവങ്ങൾക്ക് കേടുപാടുകൾ വരാതിരിക്കൂ എന്നാണ്. വശങ്ങളിലേക്ക് ചരിഞ്ഞു കിടന്നിരുന്നെങ്കിൽ 'ബെഡ് സോർ' (Bed sore) വന്ന് ശരീരം അഴുകിപ്പോകുമായിരുന്നു. പുറമെ നിന്ന് നോക്കുന്നവർക്ക് അത് ഉറങ്ങുകയല്ല, പകരം ഉണർന്നിരുന്ന് കാവൽ നിൽക്കുകയാണെന്ന ഭയമുണ്ടാക്കാൻ ഈ കിടപ്പ് ശൈലി കാരണമായി.

ശാഫി മദ്ഹബിൽ നായ എന്നത് നജസായ (അശുദ്ധിയുള്ള) ജീവിയാണ്. എന്നാൽ എന്തുകൊണ്ടാണ് അല്ലാഹുവിന്റെ വലിയ്യാക്കൾ അതിനെ

കൂടെക്കൂട്ടിയത് എന്നതിന് ഫുഖഹാക്കൾ രണ്ട് വിശദീകരണങ്ങൾ നൽകുന്നു:

ഒന്ന്: അത് മുൻകാല ശരീഅത്തിലായിരുന്നു. അവിടെ നായയുടെ വിധി വ്യത്യാസപ്പെട്ടിരിക്കാം.

രണ്ട്: ആ നായ യുവാക്കൾ കിടന്ന ഗുഹയുടെ ഉള്ളിലല്ല കിടന്നത്, മറിച്ച് ഗുഹയുടെ പടിവാതിൽക്കൽ (وصيد) പുറത്താണ് കിടന്നത്.

അശ്അരി വിശ്വാസശാസ്ത്രപ്രകാരം, സ്വർഗ്ഗം എന്നത് പരിശുദ്ധമായ സ്ഥലമാണ്. അവിടെ നജസിന് സ്ഥാനമില്ല. അതുകൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് അല്ലാഹു ഖിഥ്മീർനെ ശരീരത്തെ എല്ലാവിധ നജസുകളിൽ നിന്നും പൂർണ്ണമായി ശുദ്ധീകരിക്കുകയും, സ്വർഗ്ഗത്തിലെ ജീവികൾക്ക് അനുയോജ്യമായ ഏറ്റവും മനോഹരമായ രൂപത്തിലേക്ക് അതിനെ മാറ്റുകയും ചെയ്യും. അത് സ്വർഗ്ഗത്തിൽ വെച്ച് കുരയ്ക്കുകയോ ദ്രോഹമുണ്ടാക്കുകയോ ഇല്ല.

ശാഫി മദ്ഹബിലെ ഫുഖഹാക്കളായ ഇമാം ജമൽ(റ) തുടങ്ങിയ പണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ അത്ഭുതകരമായ ഒരു കാര്യമുണ്ട്:അല്ലാഹു ഖുർആനിലൂടെ ഈ നായയുടെ പേര് അമരമാക്കിയതുകൊണ്ട്, പൂർവ്വികരായ പണ്ഡിതന്മാർ അസ്ഹാബുൽ കഹ്ഫിന്റെ പേരുകൾക്കൊപ്പം ഖിഥ്മീർ എന്ന പേരും എഴുതി സൂക്ഷിക്കാറുണ്ടായിരുന്നു.

വീടുകൾ തീപിടുത്തത്തിൽ നിന്നും മോഷണത്തിൽ നിന്നും സംരക്ഷിക്കപ്പെടാനും, കുട്ടികളുടെ കടുത്ത കരച്ചിൽ മാറാനും ഈ നാമം എഴുതുന്നത് പണ്ഡിതന്മാർ ഫലപ്രദമായി കണ്ടിരുന്നു.

ഇമാം ഫക്റുദ്ദീൻ റാസി(റ) തന്റെ തഫ്സീറിൽ പണ്ഡിതന്മാർക്കിടയിലെ സവിശേഷമായൊരു ചർച്ച ഉദ്ധരിക്കുന്നുണ്ട്:ഭൂരിഭാഗം പണ്ഡിതന്മാരും പറയുന്നത് നായയും യുവാക്കളോടൊപ്പം ഉറങ്ങുകയായിരുന്നു എന്നാണ്.എന്നാൽ ചില ആത്മീയ പണ്ഡിതന്മാരുടെ നിരീക്ഷണം, ഖിംത്വീർ ആ 309 വർഷക്കാലം ഒരിറ്റ് കണ്ണടയ്ക്കാതെ പൂർണ്ണ ഉണർവോടെ തന്റെ യജമാനന്മാർക്ക് കാവലിരിക്കുകയായിരുന്നു എന്നാണ്. സാധാരണ ഒരു ജീവിക്ക് ഇത് അസാധ്യമാണ്, എന്നാൽ അല്ലാഹു തന്റെ വലിയ്യാക്കളെ

കാക്കാൻ ആ നായയുടെ ശരീരത്തിൽ നിന്നും ക്ഷീണവും മരണവും തടഞ്ഞുനിർത്തി.

ഇമാം ബൈളാവി (റ) ഈ ആയത്തിലെ ഒരു രഹസ്യം പുറത്തെടുക്കുന്നുണ്ട്. ഖുർആൻ യുവാക്കളുടെ എണ്ണം പറഞ്ഞപ്പോൾ മൂന്ന്, അഞ്ച് എന്നിവയോടൊപ്പം നായയെ പറഞ്ഞിടത്ത്   വാവ്എന്ന അക്ഷരം ഉപയോഗിച്ചില്ല. എന്നാൽ ഏഴ് എന്ന് പറഞ്ഞതിന് ശേഷം {വ സാമിനുഹും കൽബുഹും (അവരിലെ എട്ടാമൻ അവരുടെ നായയുമാണ്)} എന്ന് 'വ' ചേർത്താണ് പറഞ്ഞത്.

ഇതിനെ 'വാവുൽ സമാനിയ്യ' (എട്ടിന്റെ വാവ്) എന്ന് വിളിക്കുന്നു. യുവാക്കളുടെ എണ്ണം കൃത്യമായി ഏഴാണെന്ന് ഉറപ്പിക്കാനും, ആ നായ വെറുമൊരു മൃഗമല്ല, മറിച്ച് ആത്മീയമായ സ്നേഹബന്ധം കൊണ്ട് ആ പുണ്യസംഘത്തിലെ ഒരു പ്രധാന അംഗമായി അല്ലാഹു അതിനെ കൂട്ടിയിണക്കി എന്ന് കാണിക്കാനുമാണ് ഈ അക്ഷരം അല്ലാഹു ഇവിടെ ഉപയോഗിച്ചത്.

**<u>അദ്ധ്യായം6</u>**

## 6 - ഇബ്രാഹീം നബി (അ) ന്റെ സൽകാരവും കാളക്കുട്ടിയും

ഇസ്ലാമിക ചരിത്രത്തിലും പ്രവാചക വചനങ്ങളിലും അതിഥിസൽക്കാരത്തിന്റെ പ്രതീകമായി രേഖപ്പെടുത്തപ്പെട്ട ഒന്നാണ് ഹസ്രത്ത് ഇബ്രാഹീം   നബി (അ) തന്റെ അതിഥികൾക്കായി ഒരുക്കിയ ആ കാളക്കുട്ടി (عجل). അന്ത്യനാളിൽ മണ്ണായിപ്പോകാതെ, ഒരു പ്രവാചകന്റെ ഔദാര്യത്തിന്റെയും കറാമത്തിന്റേയും ഭാഗമായി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് പുണ്യ ജീവികളിൽ പെട്ടതാണ്ഈ കാളക്കുട്ടി.

വിശുദ്ധ ഖുർആനിൽ സൂറത്ത് ഹൂദിലും സൂറത്ത് ദാരിയാതിലും ഈ ചരിത്രം അല്ലാഹു അതീവ പ്രാധാന്യത്തോടെ വിവരിക്കുന്നുണ്ട്. മനുഷ്യരൂപത്തിൽ തന്റെ വീട്ടിലേക്ക് കടന്നുവന്ന അതിഥികൾ അല്ലാഹുവിന്റെ ഉന്നതരായ മലക്കുകളാണെന്ന് (ജിബ്‌രീൽ, മീക്കാഈൽ, ഇസ്റാഫീൽ അലൈഹിമുസ്സലാം) ഇബ്രാഹീം നബി (അ) ആദ്യം അറിഞ്ഞിരുന്നില്ല. എങ്കിലും അതിഥികളെ കണ്ടയുടൻ തന്റെ പക്കലുള്ള ഏറ്റവും മികച്ച ഭാരമേറിയ കാളക്കുട്ടിയെ അറുത്ത് സൽക്കരിക്കാൻ പ്രവാചകൻ തിടുക്കം കൂട്ടി.

വിശുദ്ധ ഖുർആൻ ആ രംഗം ഇങ്ങനെ വിശേഷിപ്പിക്കുന്നു:"അദ്ദേഹം (ഇബ്രാഹീം) ഒട്ടും വൈകിയില്ല, പെട്ടെന്ന് തന്നെ പൊരിച്ചെടുത്ത ഒരു കാളക്കുട്ടിയെ (അതിഥികളുടെ മുന്നിൽ) കൊണ്ടുവന്നു." (സൂറത്ത് ഹൂദ്: 69)

മറ്റൊരു ആയത്തിൽ അതിനെ 'ഇജ്‌ലിൻ സമീൻ' (കൊഴുത്തുരുണ്ട കാളക്കുട്ടി) എന്നും അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ട്. തന്റെ കയ്യിലുള്ളതിൽ വെച്ച് ഏറ്റവും നല്ലതിനെ അല്ലാഹുവിന്റെ അതിഥികൾക്കായി സമർപ്പിക്കുക വഴി ഇബ്രാഹീം നബി (അ) ലോകത്തിന് വലിയൊരു സൽക്കാര മാതൃക കാണിച്ചുതരികയായിരുന്നു.

ഭൗതിക ലോകത്ത് വെച്ച് ഈ കാളക്കുട്ടി അറുക്കപ്പെടുകയും അതിന്റെ മാംസം കല്ലുകളിൽ വെച്ച് പൊരിക്കപ്പെടുകയും (ഹനീദ്) ചെയ്തതാണ്.

എന്നാൽ, അല്ലാഹുവിന്റെ ആദരണീയരായ മലക്കുകളെയും പ്രവാചകനെയും ഊട്ടാൻ വേണ്ടിയാണ് ആ ജീവി തന്റെ ജീവൻ നൽകിയത് എന്നതിനാൽ, അല്ലാഹു അതിന് പരലോകത്ത് വെച്ച് പകരം നൽകുന്നു. അന്ത്യനാളിൽ അല്ലാഹു അതിന്റെ ശരീരത്തെയും ചോരയെയും മാംസത്തെയും പൂർണ്ണമായ ജീവനോടെ പുനരുജ്ജീവിപ്പിക്കും.

ഇമാം ബഗവി(റ) തന്റെ മആലിമുത്തൻസീൽ എന്ന തഫ്സീറിലും മറ്റും ഉദ്ധരിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു ചരിത്രമുണ്ട്:മനുഷ്യരൂപത്തിൽ വന്ന അതിഥികൾ മലക്കുകളായതുകൊണ്ട് (അവർക്ക് ഭക്ഷണത്തിന്റെ ആവശ്യമില്ലാത്തതിനാൽ) അവർ ആ പൊരിച്ച കാളക്കുട്ടിയുടെ മാംസത്തിലേക്ക് കൈ നീട്ടിയില്ല. ഇത് കണ്ട് ഇബ്രാഹീം നബി (അ) ഭയപ്പെടാൻ തുടങ്ങിയപ്പോഴാണ് അവർ തങ്ങൾ അല്ലാഹുവിന്റെ ദൂതന്മാരാണെന്ന് വെളിപ്പെടുത്തിയത്.

തുടർന്ന്, സങ്കടത്തോടെയും അത്ഭുതത്തോടെയും നിൽക്കുകയായിരുന്ന ഇബ്രാഹീം നബി (അ) ന്റെ മുന്നിൽ വെച്ച്, ആ പൊരിച്ചുവെച്ച കാളക്കുട്ടിയുടെ മേൽ പ്രവാചകൻ കൈവെച്ച് അല്ലാഹുവോട് പ്രാർത്ഥിച്ചു. ആ നിമിഷം, വെന്തുപോയ ആ മാംസവും എല്ലുകളും പൂർണ്ണരൂപത്തിൽ ജീവൻ വെക്കുകയും, ആ കാളക്കുട്ടി പഴയതുപോലെ ജീവനോടെ എഴുന്നേറ്റ് നടക്കുകയും ചെയ്തു! മരണപ്പെട്ട ജീവികളെ അല്ലാഹുവിന് എങ്ങനെ വീണ്ടും ജീവിപ്പിക്കാൻ സാധിക്കുമെന്ന പുനരുത്ഥാന വിശ്വാസത്തിന് (بعث) പണ്ഡിതന്മാർ ഉദ്ധരിക്കുന്ന വലിയൊരു തെളിവാണിത്. ഈ

അത്ഭുതകരമായ ആത്മീയ പദവി ഉള്ളതുകൊണ്ടാണ് അന്ത്യനാളിൽ അതേ ശരീരത്തോടെ അത് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്.

ഇമാം അലൂസി(റ) തന്റെ തഫ്സീറിൽ ഇതിന്റെ പശ്ചാത്തലം വിവരിക്കുന്നുണ്ട്. ഇബ്രാഹീം നബി (അ) ന്റെ പ്രധാന സമ്പത്ത് എന്നത് പശുക്കളും കാളകളും അടങ്ങുന്ന കന്നുകാലികളായിരുന്നു. തന്റെ കയ്യിലുള്ളതിൽ വെച്ച് ഏറ്റവും മികച്ചതാണ് അദ്ദേഹം നൽകിയത്.

കൂടാതെ, പ്രായമായ പശുവിന്റെയോ ഒട്ടകത്തിന്റെയോ ഇറച്ചിയേക്കാൾ എത്രയോ മയമുള്ളതും സ്വാദുള്ളതുമാണ് ചെറിയ കാളക്കുട്ടിയുടെ മാംസം. അതിഥികൾക്ക് ചവച്ചരച്ച് കഴിക്കാൻ പ്രയാസമുണ്ടാകരുത് എന്ന പ്രവാചകന്റെ കടുത്ത കാരുണ്യവും അതിഥിസൽക്കാരത്തോടുള്ള ആദരവുമാണ് 'ഇജ്ൽ' (കാളക്കുട്ടി) എന്ന ജീവിയെ തിരഞ്ഞെടുക്കാൻ കാരണമായത്.

മുഅ്തസിലുകൾ വാദിക്കുന്നത് ഭൗതികലോകത്ത് അറുക്കപ്പെടുന്ന മൃഗങ്ങൾക്ക് പരലോകത്ത് പകരം നൽകൽ അല്ലാഹുവിന്റെ മേൽ 'നിർബന്ധമാണ്' എന്നാണ്. എന്നാൽ അശ്അരി പണ്ഡിതന്മാർ ഇതിനെ തിരുത്തിക്കൊണ്ട് വ്യക്തമാക്കുന്നു: അല്ലാഹുവിന്റെ മേൽ യാതൊന്നും നിർബന്ധമില്ല. ഈ കാളക്കുട്ടിയെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നത് അവന് നിർബന്ധമായതുകൊണ്ടല്ല, മറിച്ച് തന്റെ പ്രിയപ്പെട്ട പ്രവാചകനായ ഇബ്രാഹീം നബി (അ) നോടും അവിടുത്തെ അതിഥികളായ മലക്കുകളോടും കാണിക്കുന്ന ഉദാരതയും ആദരവും മാത്രമാണ്.

ഇമാം ഖുശൈരി(റ) തന്റെ ലത്വാഇഫുൽ ഇശാറാത്ത് എന്ന പ്രശസ്തമായ തഫ്സീറിൽ ഖുർആനിൽ പറയുന്ന രണ്ട് കാളക്കുട്ടികളെ (ഈ രണ്ട് മൃഗങ്ങളെ) തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് മനോഹരമായൊരു രഹസ്യം പുറത്തെടുക്കുന്നുണ്ട്: സാമിരിയുടെ പശുക്കുട്ടി (العجل): അത് സ്വർണ്ണവും ആഭരണങ്ങളും കൊണ്ട് ഉണ്ടാക്കപ്പെട്ടതായിരുന്നു. ജനങ്ങൾ അതിനെ അല്ലാഹുവിന് പുറമെ ആരാധിക്കുകയും ശിർക്കിലേക്ക് പോവുകയും ചെയ്തപ്പോൾ അത് ശാപത്തിന് കാരണമാകുകയും ഈ ലോകത്ത് വെച്ചുതന്നെ കരിച്ചുകളയപ്പെടുകയും പരലോകത്ത് കഠിനശിക്ഷയ്ക്ക് കാരണമാകുകയും ചെയ്തു.

ഇബ്രാഹീം നബിയുടെ കാളക്കുട്ടി: അത് ജീവനുള്ള സാധാരണ ഒരു മൃഗമായിരുന്നു. എന്നാൽ അത് അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് മലക്കുകളെ സൽക്കരിക്കാൻ വേണ്ടി സമർപ്പിക്കപ്പെട്ടപ്പോൾ, അത് വലിയൊരു ബഷാറത്തിനും (ഇസ്ഹാഖ് നബിയുടെ ജനന വാർത്ത) ബറകത്തിനും കാരണമാകുകയും പരലോകത്ത് ശാശ്വതമായി സ്വർഗ്ഗത്തിൽ ആദരിക്കപ്പെടുകയും ചെയ്തു.

<u>അദ്ധ്യായം7</u>

## 7 - ഉസൈർ നബി (അ) ന്റെ പുനർജനിച്ച  കഴുത

വിശുദ്ധ ഖുർആനിലെ ഏറ്റവും നീളമേറിയ വചനങ്ങളിൽ ഒന്നിൽ (സൂറത്തുൽ ബഖറ: 259) മരണാനന്തര ജീവിതത്തെയും പുനരുത്ഥാനത്തെയും (بعث) കുറിച്ച് മനുഷ്യന് ബോധ്യപ്പെടുത്തിക്കൊടുക്കാൻ അല്ലാഹു തിരഞ്ഞെടുത്ത ഒരു വലിയ ദൃഷ്ടാന്തമാണ് ഹസ്രത്ത് ഉസൈർ നബി (അ) ന്റെ കഴുത.    നൂറു വർഷക്കാലം പ്രവാചകനോടൊപ്പം മരണപ്പെടുകയും, പിന്നീട് അവിടുത്തെ കൺമുന്നിൽ വെച്ച് ചോരയും മാംസവും എല്ലുകളും കൂട്ടിച്ചേർക്കപ്പെട്ട് പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്ത ഈ കഴുത, അന്ത്യനാളിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന പത്ത് സവിശേഷ ജീവികളിൽപെട്ടതാണ്.

ബഖ്തനസ്വർ രാജാവ് പൂർണ്ണമായി തകർത്തടിയ്ക്കുകയും ജനങ്ങളെല്ലാം മരണപ്പെടുകയും ചെയ്ത ബൈത്തുൽ മുഖദ്ദസ് എന്ന പ്രദേശത്തിലൂടെ തന്റെ കഴുതപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു ഉസൈർ നബി (അ). അദ്ദേഹത്തിന്റെ പക്കൽ അല്പം അത്തിപ്പഴവും മുന്തിരിച്ചാറും ഉണ്ടായിരുന്നു. വിജനമായിക്കിടക്കുന്ന ആ നാട് കണ്ടപ്പോൾ, അത്ഭുതത്തോടെ അദ്ദേഹം ചിന്തിച്ചു: "ഇത് പൂർണ്ണമായി നശിച്ചതിന് ശേഷം അല്ലാഹു ഇതിനെ എങ്ങനെയായിരിക്കും വീണ്ടും ജീവിപ്പിക്കുക?"

ഉടൻ തന്നെ അല്ലാഹു ഉസൈർ നബി (അ) നെയും അവിടുത്തെ കഴുതയെയും അവിടെവെച്ച് മരിപ്പിച്ചു. നീണ്ട നൂറു വർഷക്കാലം അവർ ആ കിടപ്പ് കിടന്നു. നൂറു വർഷത്തിന് ശേഷം അല്ലാഹു ഉസൈർ നബിയെ ജീവിപ്പിച്ചുകൊണ്ട് ചോദിച്ചു: "നീ എത്ര കാലം ഇവിടെ കഴിഞ്ഞു?" അദ്ദേഹം പറഞ്ഞു: "ഒരു ദിവസമോ അല്ലെങ്കിൽ ഒരു ദിവസത്തിന്റെ പകുതിയോ." എന്നാൽ അല്ലാഹു പറഞ്ഞു: "അല്ല, നീ നൂറു വർഷം ഇവിടെ

കഴിഞ്ഞിരിക്കുന്നു! നിന്റെ ഭക്ഷണത്തിലേക്ക് നോക്കൂ, അത് കേടുവന്നിട്ടില്ല. എന്നാൽ നിന്റെ കഴുതയിലേക്ക് നോക്കൂ (അത് മണ്ണടിഞ്ഞുപോയിരിക്കുന്നു)."

ഇമാം ഫക്റുദ്ദീൻ റാസി(റ) തന്റെ തഫ്സീറുൽ കബീറിൽ കഴുതയുടെ പുനരുജ്ജീവനത്തെ ഭംഗിയോടെ വിവരിക്കുന്നുണ്ട്. ഉസൈർ നബിയുടെ ഭക്ഷണം (മുന്തിരിച്ചാറും പഴവും) നൂറു വർഷം കഴിഞ്ഞിട്ടും ഒരിറ്റ് പോലും കേടുവരാതെ അല്ലാഹു സംരക്ഷിച്ചു. എന്നാൽ കഴുതയുടെ ശരീരം പൂർണ്ണമായി ജീർണ്ണിച്ച്, മാംസമെല്ലാം അഴുകി, എല്ലുകൾ മാത്രം വെളുത്തുണങ്ങി പലയിടങ്ങളിലായി ചിതറിക്കിടക്കുകയായിരുന്നു.

തുടർന്ന് അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഉസൈർ നബിയുടെ കൺമുന്നിൽ വെച്ച് ഒരു അത്ഭുതം നടന്നു. അല്ലാഹു ഉത്തരവിട്ടപ്പോൾ വായുപ്രവാഹം വന്ന് പല താഴ്വരകളിൽ കിടന്ന കഴുതയുടെ എല്ലുകളെ ഒരുമിച്ച് കൂട്ടി. ഉസൈർ നബി നോക്കിനിൽക്കെ കഴുതയുടെ നട്ടെല്ലും കൈകാലുകളുടെ എല്ലുകളും കൃത്യമായി പരസ്പരം വന്ന് ഒട്ടിച്ചേർന്നു. അതിന് മുകളിൽ ഞരമ്പുകളും മാംസവും തൊലിയും മുടിയും മുളച്ചുവന്നു. ഒടുവിൽ മലക്ക് അതിലേക്ക് ജീവൻ ഊതിയപ്പോൾ ആ കഴുത ഉച്ചത്തിൽ ഒന്നു കരഞ്ഞുകൊണ്ട് എഴുന്നേറ്റു നിന്നു. മരണപ്പെട്ട മനുഷ്യരെ അന്ത്യനാളിൽ അല്ലാഹു എങ്ങനെ ജീവിപ്പിക്കുമെന്ന് കാണിച്ച വലിയൊരു ദൃഷ്ടാന്തമായിരുന്നു അത്.

ശാഫി മദ്ഹബിലെ ഫുഖഹാക്കൾ ഈ ആയത്തിനെ മുൻനിർത്തി ചില കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്: സാധാരണ നിലയിൽ ചത്തുപോയ മൃഗത്തിന്റെ എല്ലുകൾ നജസാണ്. എന്നാൽ അല്ലാഹു ഇതിനെ പുനരുജ്ജീവിപ്പിച്ചപ്പോൾ ആ മൃതത്വത്തിന്റെ അശുദ്ധി മാറി അത് പൂർണ്ണമായി ത്വാഹിറായി മാറി.

ഒരു പ്രവാചകന്റെ സംശയത്തിന് മറുപടിയായി, ലോകാവസാനം വരെയുള്ള മനുഷ്യർക്ക് പുനരുത്ഥാന വിശ്വാസം (ഈമാൻ ബിൽ ബഅ്സ്) ഉറപ്പിക്കാൻ സ്വന്തം ശരീരം ദൃഷ്ടാന്തമായി സമർപ്പിച്ച ജീവിയാണത്. പ്രവാചകനായ ഉസൈർ നബി (അ) യോടുള്ള ആദരസൂചകമായി അല്ലാഹു അതിന് സ്വർഗ്ഗത്തിൽ ശാശ്വത പദവി നൽകും.

ഒരേ മുറിയിൽ, ഒരേ നൂറു വർഷക്കാലം അല്ലാഹു രണ്ട് വിരുദ്ധമായ നിയമങ്ങളാണ് നടപ്പിലാക്കിയത്: ഉസൈർ നബിയുടെ അത്തിപ്പഴവും മുന്തിരിച്ചാറും നൂറു വർഷം കഴിഞ്ഞിട്ടും ഒരിറ്റ് പോലും കേടുവന്നില്ല. സാധാരണ നിലയിൽ ദിവസങ്ങൾക്കുള്ളിൽ ചീഞ്ഞുപോകുന്ന ഭക്ഷണപദാർത്ഥങ്ങളെ അല്ലാഹു പ്രകൃതി നിയമത്തിൽ നിന്നും സംരക്ഷിച്ചു നിർത്തുകയായിരുന്നു.

രണ്ടാമത്തെ നിയമം  തൊട്ടടുത്തിരുന്ന കഴുതയുടെ ശരീരം പൂർണ്ണമായി ജീർണ്ണിച്ച് എല്ലുകൾ മാത്രമായി മാറി. ജീവനുള്ളതിനെ വേഗത്തിൽ മണ്ണാക്കാനും, ചീഞ്ഞുപോകുന്ന വസ്തുവെ നൂറു വർഷം കേടുകൂടാതെ നിലനിർത്താനും അല്ലാഹുവിന് സാധിക്കുമെന്ന് കാണിച്ചുതരിക വഴി പ്രകൃതിയിലെ എല്ലാ ചലനങ്ങളും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്ന് പണ്ഡിതന്മാർ തെളിയിക്കുന്നു.

ഇമാം ഖുശൈരി(റ) തന്റെ ലത്വാഇഫുൽ ഇശാറാത്ത് എന്ന ഗ്രന്ഥത്തിൽ ഇതിനൊരു വ്യാഖ്യാനം നൽകുന്നുണ്ട്:ഉസൈർ നബിയുടെ പക്കലുണ്ടായിരുന്ന ആ 'ഭക്ഷണവും പാനീയവും' എന്നത് മുഅ്മിനുകളുടെ ഹൃദയത്തിലെ ഈമാനിനും (വിശ്വാസം) ആത്മീയ ജ്ഞാനങ്ങൾക്കും തുല്യമാണ്. കാലങ്ങൾ എത്ര കഴിഞ്ഞാലും അതിന് യാതൊരുവിധ കോട്ടവും തട്ടുകയോ അത് ചീഞ്ഞുപോവുകയോ ഇല്ല. എന്നാൽ ആ 'കഴുതയുടെ ശരീരം' എന്നത് മനുഷ്യന്റെ ഭൗതിക ശരീരത്തിന് തുല്യമാണ്. അത് മണ്ണിൽ കിടന്ന് ജീർണ്ണിക്കുകയും എല്ലുകളായി മാറുകയും ചെയ്യും. എന്നാൽ അല്ലാഹു ആ കഴുതയുടെ എല്ലുകളെ വീണ്ടും ഒരുമിപ്പിച്ചു ജീവൻ നൽകിയതുപോലെ, ഖബറുകളിൽ കിടക്കുന്ന മനുഷ്യരുടെ ശരീരങ്ങളെയും അന്ത്യനാളിൽ അല്ലാഹു പുനരുജ്ജീവിപ്പിച്ചു അവരുടെ ഈമാനുള്ള ആത്മാക്കളിലേക്ക് തന്നെ തിരിച്ചുചേർക്കുമെന്നതിന്റെ വലിയൊരു പാഠമാണിത്.

**<u>അദ്ധ്യായം8</u>**

## 8 - ഇസ്മാഈൽ നബി (അ) ന്റെ പകരമായിറങ്ങിയ ആട്

ഇസ്ലാമിക ചരിത്രത്തിലും ബലിപെരുന്നാളിന്റെ പശ്ചാത്തലത്തിലും ഏറ്റവും ഉന്നതമായ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമായി നിൽക്കുന്ന ഒന്നാണ് ഹസ്രത്ത് ഇസ്മാഈൽ നബി (അ) നെ

അറുക്കാൻ തുനിഞ്ഞപ്പോൾ പകരം ബലിനൽകാൻ അല്ലാഹു സ്വർഗ്ഗത്തിൽ നിന്നും ജിബ്‌രീൽ (അ) വഴി ഇറക്കിക്കൊടുത്ത ആ സ്വർഗ്ഗീയ ആട് (كبش - കൊമ്പനാട്). സ്വന്തം ജീവൻ പണയം വെച്ച് അല്ലാഹുവിന്റെ കൽപ്പനയ്ക്ക് കീഴടങ്ങിയ ഒരു പ്രവാചകന്റെ പകരമായി മാറിയ ഒരൊറ്റ പുണ്യത്താൽ, അന്ത്യനാളിൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ പെട്ടതാണ്   ഈ കൊമ്പനാട്.

വിശുദ്ധ ഖുർആൻ സൂറത്തുസ്സ്വാഫാത്തിൽ ഇബ്രാഹീം നബി (അ) തന്റെ മകൻ ഇസ്മാഈൽ നബി (അ) നെ അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ബലിനൽകാൻ കിടത്തിയ ആ ചരിത്ര നിമിഷം വിവരിക്കുന്നുണ്ട്. ഇബ്രാഹീം നബി (അ) മൂർച്ചയുള്ള കത്തി മകന്റെ കഴുത്തിൽ വെച്ചെങ്കിലും അല്ലാഹുവിന്റെ കൽപ്പന പ്രകാരം കത്തിക്ക് അറുക്കാനുള്ള ശേഷി നഷ്ടപ്പെട്ടു. ആ പരീക്ഷണത്തിൽ അവർ രണ്ടുപേരും വിജയിച്ചപ്പോൾ അല്ലാഹു ജിബ്‌രീൽ (അ) വഴി സ്വർഗ്ഗത്തിൽ നിന്നും ഒരു വലിയ കൊമ്പനാടിനെ പകരമായി ഇറക്കിക്കൊടുത്തു.

വിശുദ്ധ ഖുർആൻ ആ രംഗം ഇങ്ങനെ വിശേഷിപ്പിക്കുന്നു:"അദ്ദേഹത്തിന് (ഇസ്മാഈലിന്) പകരമായി മഹത്തായ ഒരു ബലിമൃഗത്തെ നാം ഫിദയായി നൽകുകയും ചെയ്തു." (സൂറത്തുസ്സ്വാഫാത്ത്: 107)

ഇമാം അലൂസി(റ) തന്റെ തഫ്സീറിൽ ഇബ്നു അബ്ബാസ് (റ) ൽ നിന്നും ഉദ്ധരിക്കുന്നു: ഈ ആട് സാധാരണ ഭൂമിയിൽ ജനിച്ചതല്ല, മറിച്ച് ആദാം നബി (അ) ന്റെ മകൻ ഹാബീൽ അല്ലാഹുവിന്റെ വഴിയിൽ ബലിനൽകിയതും അല്ലാഹു സ്വീകരിച്ച് സ്വർഗ്ഗത്തോപ്പുകളിൽ നൂറ്റാണ്ടുകളായി വളർത്തിയതുമായ അതേ സ്വർഗ്ഗീയ ആടായിരുന്നു അത്.

അശ്അരി വിശ്വാസശാസ്ത്ര പണ്ഡിതന്മാർ ഖുർആൻ ഈ ആടിനെ 'ദബ്ഹിൻ അളീം' (മഹത്തായ ബലിമൃഗം) എന്ന് വിശേഷിപ്പിച്ചതിന്റെ കാരണങ്ങൾ വിവരിക്കുന്നുണ്ട്: അത് സ്വർഗ്ഗത്തിലെ പുൽത്തകിടികളിൽ വളർന്ന ആടാണ്.യാതൊരുവിധ രോഗങ്ങളോ കുറവുകളോ ഇല്ലാത്ത, നല്ല കൊഴുത്തുരുണ്ട വലിയ കൊമ്പുകളുള്ള മനോഹരമായ ആടായിരുന്നു അത്.അന്ത്യപ്രവാചകൻ മുഹമ്മദ് മുസ്തഫ ﷺ തങ്ങളുടെ ഉപ്പാപ്പയായ ഇസ്മാഈൽ നബി (അ) ന്റെ പകരമായി (ഫിദ) മാറാൻ ഭാഗ്യം ലഭിച്ച ജീവിയാണത്.

ഇമാം നവവി(റ) തന്റെ അൽ-മജ്മൂഇൽ ഈ ചരിത്രത്തെ മുൻനിർത്തി ശാഫി മദ്ഹബിലെ ഉള്ഹിയ്യത്തിന്റെപ്രധാന വിധികൾ പുറത്തെടുക്കുന്നുണ്ട്:നല്ല കൊഴുത്തുരുണ്ട ആടുകളെ ബലിനൽകുന്നത് ഇസ്‌ലാമിൽ വലിയ പുണ്യമാണ്. കാരണം അല്ലാഹു ഇസ്മാഈൽ നബിക്ക് പകരം തിരഞ്ഞെടുത്തത് ഒരു കൊമ്പനാടിനെയാണ്.ഉള്ഹിയ്യത്തിന് മൃഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ വലിയ കൊമ്പുകളുള്ളതും (അഖ്റൻ), വെളുത്ത നിറത്തിൽ കറുപ്പ് പുള്ളികളുള്ളതുമായ ആടുകളെ തിരഞ്ഞെടുക്കൽ സുന്നത്താണ്. കാരണം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ആടിന്റെ ലക്ഷണം ഇതായിരുന്നു.

ഈ ആട് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് അതിന്റെ യഥാർത്ഥ ശരീരത്തോടെയാണ്. അത് ജനിച്ചതും വളർന്നതും സ്വർഗ്ഗത്തിലായിരുന്നു; ഭൂമിയിൽ വന്ന് ഒരു വലിയ പ്രവാചക കുടുംബത്തിന്റെ ഈമാനിന്റെ പൂർത്തീകരണത്തിന് സാക്ഷിയാകാൻ അതിന് കഴിഞ്ഞു. മക്കയിലെ മലയിൽ വെച്ച് ഇബ്രാഹീം നബി (അ) അതിനെ അറുത്തതിന് ശേഷം, അല്ലാഹു അതിന് പരലോകത്ത് വെച്ച് വീണ്ടും അനശ്വരമായ ജീവൻ നൽകി അതിന്റെ സ്വർഗ്ഗീയ പദവിയിലേക്ക് തന്നെ തിരിച്ചുചേർത്തു. സ്വർഗ്ഗത്തിൽ വെച്ച് അതിന് യാതൊരുവിധ പ്രയാസങ്ങളോ വേദനകളോ ഉണ്ടായിരിക്കുകയില്ല.

പണ്ഡിതന്മാർ ഈ ചരിത്രത്തിലെ കത്തി അറുക്കാതിരുന്ന രംഗത്തെ മുൻനിർത്തി വലിയൊരു ആത്മീയ തത്വം (سببية) വിശദീകരിക്കുന്നുണ്ട്: പ്രപഞ്ചത്തിലെ ഒരു വസ്തുവിനും (തീയ്ക്ക് കരിക്കാനോ, കത്തിക്ക് അറുക്കാനോ) സ്വന്തമായി യാതൊരു കഴിവുമില്ല. അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രമേ ആ വസ്തുക്കൾക്ക് അതിന്റെ സ്വിഫത്ത് (ഗുണം) പ്രകടിപ്പിക്കാൻ കഴിയൂ.

ഇബ്രാഹീം നബി (അ) ഇസ്മാഈൽ നബിയുടെ കഴുത്തിൽ കത്തി വെച്ച് ശക്തമായി വലിച്ചപ്പോൾ അല്ലാഹു കത്തിയുടെ അറുക്കാനുള്ള ശേഷിയെ തടഞ്ഞുനിർത്തി. ചില കിതാബുകളിൽ കാണാം, ആ സമയത്ത് കത്തിയുടെ അഗ്രം മടങ്ങിപ്പോവുകയോ, അല്ലെങ്കിൽ കഴുത്തിനും കത്തിക്കുമിടയിൽ അദൃശ്യമായ ഒരു ചെമ്പ് പാളി വന്ന് തടയുകയോ ചെയ്തു. പ്രകൃതിയിലെ എല്ലാ ചലനങ്ങളും അല്ലാഹുവിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണെന്ന് തെളിയിക്കപ്പെട്ട ആ നിമിഷത്തിലാണ്, കത്തിക്ക് അറുക്കാൻ പാകത്തിൽ

അല്ലാഹു സ്വർഗ്ഗത്തിൽ നിന്നും ആ കൊമ്പനാടിനെ പകരമായി ഇറക്കിക്കൊടുത്തത്.

ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി(റ) തന്റെ ഫത്ഹുൽ ബാരിയിലും, ഇമാം അദ്റഖി(റ) അഖ്ബാറു മക്കയിലും രേഖപ്പെടുത്തിയ ഒരു ചരിത്ര വസ്തുതയുണ്ട്:ഇബ്രാഹീം നബി (അ) മിനായിൽ വെച്ച് ആ സ്വർഗ്ഗീയ ആടിനെ അറുത്തതിന് ശേഷം, അതിന്റെ വലിയ രണ്ട് കൊമ്പുകൾ ഒരു ബറകത്തായി സൂക്ഷിച്ചുവെച്ചു. പിന്നീട് വന്ന തലമുറകളും ഖുറൈശികളും ഈ കൊമ്പുകളെ അതീവ ആദരവോടെ വിശുദ്ധ കഅ്ബയുടെ ഉള്ളിൽ തൂക്കിയിട്ടിട്ടുണ്ടായിരുന്നു.തിരുനബി ﷺ യുടെ കാലത്തും കഅ്ബയുടെ ഉള്ളിൽ ആ സ്വർഗ്ഗീയ കൊമ്പുകൾ ഉണ്ടായിരുന്നു. പിന്നീട് ഹിജ്റ 64-ൽ ഹജ്ജാജ് ബിൻ യൂസുഫിന്റെ സൈന്യം അബ്ദുല്ലാഹിബ്നു സുബൈർ (റ) നെ ഉപരോധിച്ച സമയത്ത് കഅ്ബക്ക് തീപിടിക്കുന്നത് വരെ (ആയിരക്കണക്കിന് വർഷങ്ങൾ) സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ ആ ആടിന്റെ കൊമ്പുകൾ കഅ്ബയ്ക്കുള്ളിൽ കേടുപാടുകളില്ലാതെ സംരക്ഷിക്കപ്പെട്ടിരുന്നു. ആ അത്ഭുത സംഭവത്തിന്റെ ഭൂമിയിലെ വലിയൊരു ജീവനുള്ള സാക്ഷ്യമായിരുന്നു ആ കൊമ്പുകൾ.

**അദ്ധ്യായം9**

## 9 - മൂസാ നബി (അ) ന്റെ കാലത്തെ 'ഇസ്രായീൽ പശു'

വിശുദ്ധ ഖുർആനിലെ ഏറ്റവും വലിയ സൂറത്തിന് (സൂറത്തുൽ ബഖറ - പശു) പേര് നൽകാൻ കാരണമായതും, ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും അത്ഭുതകരമായ ഒരു കുറ്റാന്വേഷണത്തിന് മധ്യസ്ഥത വഹിച്ചതുമായ ജീവിയാണ് 'ബനൂ ഇസ്രായീലിലെ പശു' ഒരു മൃഗമായിട്ടുകൂടി, പ്രവാചക മുഅ്ജിസത്തിന്റെ  ഭാഗമാകാനും, മാതാപിതാക്കളെ സംരക്ഷിച്ച ഒരു മകന് അല്ലാഹു നൽകിയ വലിയ പ്രതിഫലത്തിന്റെ പ്രതീകമാകാനും കഴിഞ്ഞ ഒരൊറ്റ പുണ്യത്താൽ, അന്ത്യനാളിൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ ഈ പശുവും   ഉൾകൊള്ളുന്നുണ്ട്.

ബനൂ ഇസ്രായീലിലെ വലിയൊരു ധനികൻ കൊല്ലപ്പെടുകയും, അതിന്റെ കൊലപാതകികൾ ആരാണെന്ന് കണ്ടെത്താൻ കഴിയാതെ ജനങ്ങൾ പരസ്പരം തർക്കിക്കുകയും ചെയ്തപ്പോഴാണ് മൂസാ നബി (അ) അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് അവരോട് ഒരു പശുവിനെ

അറുക്കാൻ ആവശ്യപ്പെടുന്നത്. എന്നാൽ നേരായ വഴിക്ക് കൽപ്പന അനുസരിക്കുന്നതിന് പകരം അവർ പ്രവാചകനോട് പശുവിന്റെ ലക്ഷണങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിച്ചു.

അവരുടെ കടുംപിടുത്തം കാരണം അല്ലാഹു പശുവിന്റെ ലക്ഷണങ്ങൾ കഠിനമാക്കി ഖുർആനിലൂടെ വെളിപ്പെടുത്തി:"അത് പ്രായം ചെന്നതോ കന്യകയോ അല്ലാത്ത നടുപ്രായമുള്ള ഒരു പശുവായിരിക്കണം... കണ്ണിന് കുളിർമ്മ നൽകുന്ന കടും മഞ്ഞ നിറമുള്ളതായിരിക്കണം ഉഴവുചാലുകൾ കീറാനോ കൃഷിക്ക് നനയ്ക്കാനോ ഉപയോഗിക്കാത്തതും യാതൊരു പുള്ളിയുമില്ലാത്തതുമായ ഒന്നായിരിക്കണം അത്." (സൂറത്തുൽ ബഖറ: 68-71)

ഇമാം ദമീരി (റ) തന്റെ ഹയാത്തുൽ ഹയവാനുൽ കുബ്രായിൽ ഈ പശുവിനെ എങ്ങനെയാണ് അവർ കണ്ടെത്തിയത് എന്ന് വിവരിക്കുന്നുണ്ട്. ഈ പറയപ്പെട്ട അത്ഭുത ലക്ഷണങ്ങളുള്ള ഒരൊറ്റ പശു മാത്രമേ ആ നാട്ടിൽ ഉണ്ടായിരുന്നുള്ളൂ. അത് മാതാപിതാക്കളോട് അതീവ ബഹുമാനവും കരുണയും കാണിച്ചിരുന്ന ഒരു അനാഥ ബാലന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു.

ഒരിക്കൽ ഒരു വലിയ കച്ചവടം ഉറപ്പിക്കാൻ സാധിക്കുമായിരുന്നിട്ടും, തന്റെ പിതാവ് ഉറങ്ങുന്ന കിടക്കയുടെ അടിയിലായിരുന്നു അതിന്റെ താക്കോൽ ഇരുന്നിരുന്നത് എന്നതിനാൽ പിതാവിന്റെ ഉറക്കം കെടുത്താതിരിക്കാൻ ആ മകൻ ആ കച്ചവടം വേണ്ടെന്ന് വെച്ചു. മകന്റെ ഈ വലിയ ബഹുമാനത്തിന് അല്ലാഹു നൽകിയ സമ്മാനമായിരുന്നു ഈ പശു. ബനൂ ഇസ്രായീലുകാർ ഒടുവിൽ ആ പശുവിന്റെ തൂക്കത്തിന് തുല്യമായ സ്വർണ്ണം നിറച്ചു നൽകിയാണ്" ആ മകനിൽ നിന്നും അത് വാങ്ങിയത്. അല്ലാഹു ആ കുടുംബത്തെ വലിയ ധനികരാക്കി മാറ്റി.

പണ്ഡിതന്മാർ ഈ പശുവിന്റെ ഇറച്ചി കൊണ്ട് മരിച്ചയാളെ ജീവിപ്പിച്ച രംഗത്തെ വലിയൊരു ആത്മീയ തത്വമായിട്ടാണ് കാണുന്നത്. അല്ലാഹു കൽപ്പിച്ച പ്രകാരം ആ പശുവിനെ അറുത്തതിന് ശേഷം അതിന്റെ ഒരു കഷണം മാംസം (തുടഭാഗം അല്ലെങ്കിൽ വാല്) കൊണ്ട് മരിച്ച കിടക്കുന്ന ആളുടെ ശരീരത്തിൽ അടിക്കാൻ മൂസാ നബി (അ) ആവശ്യപ്പെട്ടു.

ചത്തുപോയ ഒരു മൃഗത്തിന്റെ മാംസം കൊണ്ട് മറ്റൊരു മനുഷ്യന്റെ മൃതശരീരത്തിൽ അടിക്കുമ്പോൾ സാധാരണ നിലയിൽ അത് കൂടുതൽ അശുദ്ധമാവുകയാണ് ചെയ്യേണ്ടത്. എന്നാൽ അല്ലാഹു അവിടെ പ്രകൃതി നിയമത്തെ മാറ്റിമറിച്ചു. ആ മാംസം തട്ടിയ നിമിഷം മരിച്ചയാൾ ജീവനോടെ എഴുന്നേറ്റിരിക്കുകയും, "എന്നെ കൊന്നത് എന്റെ ഭ്രാതൃപുത്രന്മാരാണ്" എന്ന് കൃത്യമായി വിളിച്ചുപറയുകയും ചെയ്തതിന് ശേഷം വീണ്ടും മരണപ്പെട്ടു. അന്ത്യനാളിൽ മനുഷ്യരെ അല്ലാഹു എങ്ങനെ ജീവിപ്പിക്കും എന്നതിന്റെ പരസ്യമായ തെളിവായിരുന്നു ആ രംഗം.

ഇമാം മാവർദി(റ) തന്റെ അൽ-ഹാവിൽ കബീർ എന്ന ഗ്രന്ഥത്തിൽ ഈ പശുവിനെ  അതിന്റെ തോലു നിറയെ സ്വർണ്ണം നൽകി വാങ്ങിയ രംഗത്തെ മുൻനിർത്തി ഒരു ഫിഖ്ഹീ വിധി പുറത്തെടുക്കുന്നുണ്ട്: ഒരു വസ്തുവിന് വിപണിയിലുള്ള സാധാരണ വിലയേക്കാൾ എത്രയോ ഇരട്ടി അമിതവില നൽകി അത് വാങ്ങുന്നത് ഇസ്ലാമിക കച്ചവട നിയമപ്രകാരം (ഫിഖ്ഹുൽ മുആമലാത്) പൂർണ്ണമായി അനുവദനീയമാണ്. വാങ്ങുന്നയാൾക്ക് അതിന് പൂർണ്ണ സമ്മതമുണ്ടാവുകയും (ഇക്റാഹ് ഇല്ലാതിരിക്കുക) ആ വസ്തു അത്രമേൽ അപൂർവ്വ ഗുണങ്ങളുള്ളതുമാണെങ്കിൽ ആ കച്ചവടക്കരാർ ശരിയാണ്  എന്നതിന് ഫുഖഹാക്കൾ ഈ ചരിത്രം തെളിവായി ഉദ്ധരിക്കുന്നു.

അശ്അരി പണ്ഡിതന്മാരും ഭാഷാശാസ്ത്രജ്ഞരും അല്ലാഹു പ്രകൃതിയിൽ പടച്ചിട്ടുള്ള നിറങ്ങളുടെ അത്ഭുതങ്ങളെക്കുറിച്ച് ഈ ആയത്തിന്റെ വെളിച്ചത്തിൽ വിവരിക്കുന്നുണ്ട്. ഖുർആൻ പറഞ്ഞു: {അത് കാണുന്നവർക്ക് സന്തോഷം നൽകുന്ന കടും മഞ്ഞനിറമുള്ളതാണ്}.

ഇമാം റാസി(റ) തന്റെ തഫ്സീറിൽ വ്യക്തമാക്കുന്നു: പ്രകൃതിയിലെ കടും മഞ്ഞ നിറത്തിന് (Pure Yellow) മനുഷ്യന്റെ ഹൃദയങ്ങളിൽ പെട്ടെന്ന് സന്തോഷവും ആനന്ദവും മനസ്സമാധാനവും ഉണ്ടാക്കാനുള്ള ഒരു പ്രത്യേക ജൈവിക കഴിവ് അല്ലാഹു നൽകിയിട്ടുണ്ട്. മൂസാ നബി (അ) നോട് കടുത്ത വാശിയിലും ധിക്കാരത്തിലും നിന്നിരുന്ന ബനൂ ഇസ്രായീലുകാരുടെ കഠിനമായ മനസ്സിനെ ഒന്ന് തണുപ്പിക്കാനും, അവരുടെ വാശിയെ ഇല്ലാതാക്കാനുമാണ് അല്ലാഹു അവർക്ക് കാണുമ്പോൾ തന്നെ മനസ്സിൽ സന്തോഷം തോന്നുന്ന അത്രയും ഭംഗിയുള്ള മഞ്ഞപ്പശുവിനെ തിരഞ്ഞുകൊടുത്തത്.

**അദ്ധ്യായം10**

## 10 - യൂനുസ് നബി (അ) ന്റെ അത്ഭുത തിമിംഗലം

വിശുദ്ധ ഖുർആനിൽ ഒന്നിലധികം സൂറത്തുകളിൽ അതീവ പ്രാധാന്യത്തോടെ പ്രതിപാദിക്കപ്പെടുകയും, ഒരു പ്രവാചകനെ തന്റെ വയറ്റിൽ മൂന്ന് വലിയ ഇരുട്ടുകളിൽ കേടുപാടുകളില്ലാതെ സംരക്ഷിക്കുകയും ചെയ്ത അത്ഭുത ജീവിയാണ് യൂനുസ് നബി (അ) ന്റെ തിമിംഗലം (حوت). അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ഒരു പ്രവാചകന് കടലിന്റെ ആഴങ്ങളിൽ 'സഞ്ചരിക്കുന്ന പള്ളിയായി' (مسجد) മാറാൻ ഭാഗ്യം ലഭിച്ച ഒരൊറ്റ കാരണത്താൽ, അന്ത്യനാളിൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പത്ത് സവിശേഷ ജീവികളിൽ പെട്ടതാണ് ഈ തിമിംഗലം.

തന്റെ ജനതയോട് ദേഷ്യപ്പെട്ട് കപ്പലിൽ കയറിപ്പോയ യൂനുസ് നബി (അ) നെ കപ്പലിലെ നറുക്കെടുപ്പിൽ പുറത്തായതിനെ തുടർന്ന് കടലിലേക്ക് എറിയേണ്ടി വന്നു. ആ സമയത്താണ് അല്ലാഹു കടലിലെ ഒരു വലിയ തിമിംഗലത്തിന് നിർദ്ദേശം നൽകുന്നത്: "യൂനുസിനെ നീ വിഴുങ്ങുക (التقام), എന്നാൽ അദ്ദേഹത്തിന്റെ മാംസം നീ ഭക്ഷിക്കരുത്, അദ്ദേഹത്തിന്റെ ഒരൊറ്റ എല്ല് പോലും നീ തകർക്കരുത്. അദ്ദേഹം നിനക്കുള്ള ഭക്ഷണമല്ല, മറിച്ച് നിന്റെ വയറ് അദ്ദേഹത്തിനുള്ള ഒരു കാവൽപ്പുരയാണ്."

വിശുദ്ധ ഖുർആൻ ആ രംഗം ഇങ്ങനെ വിവരിക്കുന്നു:"അങ്ങനെ അദ്ദേഹം കുറ്റപ്പെടുത്തപ്പെട്ടവനായിരിക്കെ ആ തിമിംഗലം അദ്ദേഹത്തെ വിഴുങ്ങി. അദ്ദേഹം അല്ലാഹുവെ നിരന്തരം തസ്ബീഹ് ചെയ്യുന്നവരിൽ പെട്ടവനായിരുന്നില്ലെങ്കിൽ, മനുഷ്യർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന നാൾ വരെ (അന്ത്യനാൾ വരെ) ആ തിമിംഗലത്തിന്റെ വയറ്റിൽ തന്നെ അദ്ദേഹം കഴിയേണ്ടി വരുമായിരുന്നു." (സൂറത്തുസ്സ്വാഫാത്ത്: 142-144)

ഇമാം ഫക്റുദ്ദീൻ റാസി(റ) തന്റെ തഫ്സീറിൽ ഇതിന്റെ അഖീദാപരമായ അത്ഭുതങ്ങൾ വിവരിക്കുന്നുണ്ട്. യൂനുസ് നബി (അ) തിമിംഗലത്തിന്റെ വയറ്റിൽ കഴിഞ്ഞത് മൂന്ന് കടുത്ത ഇരുട്ടുകളിലായിരുന്നു:

ഒന്ന്: രാത്രിയുടെ ഇരുട്ട്.

രണ്ട്: കടലിന്റെ ആഴങ്ങളിലെ ഇരുട്ട്.

മൂന്ന്: തിമിംഗലത്തിന്റെ വയറ്റിലെ ഇരുട്ട്.

ഒരു മൃഗത്തിന്റെ വയറ്റിലെ ആസിഡുകളും ദഹനരസങ്ങളും (Gastric Juices) അതിലേക്ക് ചെല്ലുന്ന ഏതൊരു വസ്തുവെയും വേഗത്തിൽ അലിയിച്ചുകളയുന്ന സ്വഭാവമുള്ളതാണ്. എന്നാൽ അല്ലാഹു ആ തിമിംഗലത്തിന്റെ വയറ്റിലെ ദഹന പ്രക്രിയയുടെ സ്വഭാവത്തെ യൂനുസ് നബിക്ക് വേണ്ടി തടഞ്ഞുനിർത്തി. ദിവസങ്ങളോളം (ചില റിവായറ്റുകളിൽ 40 ദിവസം) ആ വയറ്റിൽ കിടന്നിട്ടും പ്രവാചകന്റെ ശരീരത്തിന് ഒരുകേടും സംഭവിച്ചില്ല. അത്ഭുതകരമായ ഒരു അന്തർവാഹിനി (Submarine) പോലെ ആ തിമിംഗലം പ്രവാചകനെ കടലിന്റെ അടിത്തട്ടിലൂടെ സംരക്ഷിച്ചു.

ശാഫി മദ്ഹബിലെ ഫുഖഹാക്കൾ ഈ ആയത്തിനെ മുൻനിർത്തി പ്രധാന വിധികൾ വ്യക്തമാക്കുന്നുണ്ട്:

കടൽ ജീവികളുടെ ഹലാൽ രൂപം: ഖുർആൻ പ്രയോഗിച്ച 'ഹൂത്' (തിമിംഗലം/മത്സ്യം) എന്ന വാക്കിന്റെ അടിസ്ഥാനത്തിൽ, കടലിൽ ജീവിക്കുന്ന എല്ലാത്തരം മത്സ്യങ്ങളും അവ ചത്തുപോയതാണെങ്കിൽ പോലും മുസ്ലിംകൾക്ക് കഴിക്കാൻ പൂർണ്ണമായി ഹലാലായതും ത്വാഹിറായതുമാണ് എന്ന് ശാഫി ഫിഖ്ഹ് അടിവരയിടുന്നു.

തിമിംഗലത്തിന്റെ വയറ്റിലെ സുജൂദ്: തിമിംഗലത്തിന്റെ വയറ്റിൽ വെച്ച് തനിക്ക് ജീവനുണ്ടെന്ന് ബോധ്യപ്പെട്ട നിമിഷം യൂനുസ് നബി (അ) അല്ലാഹുവിന് സുജൂദ് ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്തു: "അല്ലാഹുവേ, ലോകത്ത് ഒരാളും നിനക്ക് സുജൂദ് ചെയ്തിട്ടില്ലാത്ത ഒരു സ്ഥലത്തെ ഞാൻ നിനക്കുള്ള പള്ളിയാക്കി മാറ്റിയിരിക്കുന്നു." ശുദ്ധിയുള്ള ഏത് സ്ഥലത്ത് വെച്ചും അല്ലാഹുവെ ആരാധിക്കാമെന്നതിന്റെ വലിയൊരു തെളിവാണിത്.

അശ്അരി അഖീദ പ്രകാരം, ഈ തിമിംഗലം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് അതിന്റെ യഥാർത്ഥ ശരീരത്തോടെയാണ്. അത് വെറുമൊരു മൽസ്യമല്ല, മറിച്ച് ഒരു പ്രവാചകനെ തന്റെ ജീവനതിർത്തിക്കുള്ളിൽ താങ്ങിനിർത്തിയ, കടലിന്റെ അടിത്തട്ടിലെ തസ്ബീഹുകൾക്ക് സാക്ഷിയായ പുണ്യജീവിയാണ്. യൂനുസ് നബി (അ) ന്റെ പ്രസിദ്ധമായ തസ്ബീഹ് കേട്ട് കടലിലെ മറ്റു ജീവികളും ഈ തിമിംഗലവും അല്ലാഹുവിനെ തസ്ബീഹ് ചൊല്ലി ആരാധിച്ചിരുന്നു. ആ മഹത്തായ ആദരവിനാണ് അല്ലാഹു അതിനെ സ്വർഗ്ഗാവകാശിയാക്കി മാറ്റിയത്.

ഹാഫിള് ഇബ്നു കസീറും ഇമാം ദമീരി(റ)യും തങ്ങളുടെ ഗ്രന്ഥങ്ങളിൽ തിമിംഗലത്തിന്റെ വയറ്റിൽ വെച്ച് നടന്ന അതീവ ഭംഗിയുള്ള ഒരു രംഗം വിവരിക്കുന്നുണ്ട്:യൂനുസ് നബി (അ) തിമിംഗലത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് അല്ലാഹുവെ അതീവ ഖേദത്തോടെ തസ്ബീഹ് ചൊല്ലി സ്തുതിക്കാൻ തുടങ്ങിയപ്പോൾ ആ ശബ്ദം തിമിംഗലത്തിന്റെ ശരീരത്തിലൂടെ കടലിന്റെ ആഴങ്ങളിലേക്ക് പടർന്നുപിടിച്ചു.

പ്രവാചകന്റെ ഈ മനോഹരമായ തസ്ബീഹ് ധ്വനികൾ കേട്ടയുടൻ, കടലിന്റെ അടിത്തട്ടിലുള്ള കോടിക്കണക്കിന് വരുന്ന ഇതര മത്സ്യങ്ങൾ, കടൽച്ചെടികൾ, ശംഖുകൾ, ചിപ്പികൾ തുടങ്ങിയ സകല ജീവജാലങ്ങളും ആ വലിയ തിമിംഗലത്തിന് ചുറ്റും വന്ന് ഒരുമിച്ച് അല്ലാഹുവെ തസ്ബീഹ് ചൊല്ലി ആരാധിക്കാൻ തുടങ്ങി. ഈ ആത്മീയ ശബ്ദം കേട്ട് അത്ഭുതപ്പെട്ട തിമിംഗലവും ആ ആരാധനയിൽ പങ്കുചേർന്നു. ഒരു പ്രവാചകനിലൂടെ കടലിനെ മുഴുവൻ അല്ലാഹുവിന്റെ തസ്ബീഹ് കൊണ്ട് ഉണർത്താൻ കാരണമായ പുണ്യജീവിയാണ് ഈ തിമിംഗലം.

ഇമാം അലൂസി(റ) തന്റെ തഫ്സീറിൽ ഖുർആൻ യൂനുസ് നബിയെ വിളിച്ച രണ്ട് പേരുകളുടെ പിന്നിലെ മനശ്ശാസ്ത്രപരമായ രഹസ്യം പുറത്തെടുക്കുന്നുണ്ട്: ദുന്നൂൻ (ذو النون - മത്സ്യത്തിന്റെ ഉടമ): സൂറത്തുൽ അമ്പിയാഇൽ യൂനുസ് നബിയുടെ പ്രാർത്ഥന സ്വീകരിച്ചതും, അദ്ദേഹത്തെ അല്ലാഹു പുകഴ്ത്തിയതുമായ റഹ്മത്തിന്റെ സന്ദർഭത്തിലാണ് ഈ പേര് ഉപയോഗിച്ചത്. ഇത് നബിയുടെ പദവിയെ ഉയർത്തുന്ന മനോഹരമായ പ്രയോഗമാണ്.

സ്വാഹിബുൽ ഹൂത് : സൂറത്തുൽ ഖലമിൽ മുഹമ്മദ് നബി ﷺ തങ്ങളോട് പ്രബോധന വഴിയിൽ ദേഷ്യപ്പെട്ട് തിടുക്കം കൂട്ടരുത് എന്ന് താക്കീത് നൽകുന്ന സന്ദർഭത്തിലാണ് യൂനുസ് നബിയെ ഈ പേര് വിളിച്ചത്. തിമിംഗലത്തിന്റെ വയറ്റിൽ അദ്ദേഹം അനുഭവിച്ച ആ കഠിനമായ പ്രയാസത്തെയും കാവലിനെയും ഓർമ്മിപ്പിക്കാനാണ് അവിടെ 'സ്വാഹിബ്' (കൂട്ടുകാരൻ) എന്ന വാക്ക് അല്ലാഹു പ്രയോഗിച്ചത്.

ഇമാം ഖുശൈരി(റ) തന്റെ ലത്വാഇഫുൽ ഇശാറാത്ത് എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ ഇതിനൊരു വ്യാഖ്യാനം നൽകുന്നുണ്ട്:തിമിംഗലത്തിന്റെ വയറ് എന്നത് യൂനുസ് നബിക്ക് (അ) അല്ലാഹു നൽകിയ ശിക്ഷയോ അപമാനമോ ആയിരുന്നില്ല. പ്രവാചകന്മാരെ അല്ലാഹു ഒരിക്കലും

അപമാനിക്കുകയില്ല. മറിച്ച്, ദുനിയാവിന്റെ എല്ലാ കോലാഹലങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി അല്ലാഹുവിലേക്ക് മാത്രം ഹൃദയം അർപ്പിക്കാൻ അല്ലാഹു ഒരുക്കിക്കൊടുത്ത 'ഖൽവത്ത്' (ആത്മീയ ഏകാന്തത) ആയിരുന്നു ആ തിമിംഗലത്തിന്റെ വയറ്.

ജീവിതത്തിൽ കടുത്ത പ്രതിസന്ധികളും പ്രയാസങ്ങളും വന്ന് നമ്മുടെ ജീവിതം തിമിംഗലത്തിന്റെ വയറുപോലെ ഇരുട്ടിലാകുമ്പോൾ, മനുഷ്യൻ ജനങ്ങളിൽ നിന്നും മാറി അല്ലാഹുവിലേക്ക് മാത്രം തിരിയണമെന്നും, ആ പ്രതിസന്ധിയെ അല്ലാഹുവിലേക്ക് അടുക്കാനുള്ള ഒരു ആത്മീയ പള്ളിയാക്കി മാറ്റണമെന്നുമാണ് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

## ഉള്ഹിയ്യത്തിന്റെ മൃഗങ്ങൾ പരലോകത്ത്

ഇസ്‌ലാമിക കർമ്മശാസ്ത്രത്തിലും വിശ്വാസശാസ്ത്രത്തിലും അതീവ പ്രാധ്യാന്യമുള്ള ഒന്നാണ് ബലിപെരുന്നാൾ ദിനങ്ങളിൽ നാം നിർവ്വഹിക്കുന്ന 'ഉള്ഹിയ്യത്ത്' (ബലികർമ്മം). എന്നാൽ, ഭൗതികലോകത്ത് വെച്ച് അറുക്കപ്പെടുന്ന ഈ ഉള്ഹിയ്യത്തിന്റെ മൃഗങ്ങൾ (ആട്, മാട്, ഒട്ടകം) പരലോകത്ത് എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കപ്പെടുക? അവ സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ? ഇതിന്റെ പിന്നിലെ വിശ്വാസപരമായ തർക്കങ്ങൾ (Controversies) എന്തൊക്കെയാണ്? അശ്അരി വിശ്വാസശാസ്ത്ര ഗ്രന്ഥങ്ങളുടെയും ശാഫി ഫിഖ്ഹിന്റെയും വെളിച്ചത്തിൽ ഇത് താഴെ വിശദീകരിക്കുന്നു:

ഉള്ഹിയ്യത്ത് അറുക്കപ്പെടുന്ന മൃഗങ്ങൾ വെറുമൊരു മൃഗബലിയിൽ അവസാനിക്കുന്നില്ല, മറിച്ച് അവ പരലോകത്ത് വലിയൊരു ആത്മീയ രൂപം കൈക്കൊള്ളുമെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. തിരുനബി ﷺ അരുളി:"തീർച്ചയായും ഉള്ഹിയ്യത്തിന്റെ മൃഗം അന്ത്യനാളിൽ അതിന്റെ കൊമ്പുകളും, ഖുളമ്പുകളും (നഖങ്ങൾ), രോമങ്ങളുമായി മഹ്ശറിലേക്ക് കടന്നുവരുന്നതാണ്. അതിന്റെ രക്തം ഭൂമിയിൽ വീഴുന്നതിന് മുമ്പ് തന്നെ അല്ലാഹുവിങ്കൽ അത് സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ സംതൃപ്തിയോടെ അത് നിർവ്വഹിക്കുക." (സുനനുത്തുർമുദി).

പൂർവ്വികരായ പണ്ഡിതന്മാർ ഉദ്ധരിച്ച മറ്റൊരു പ്രശസ്തമായ ആപ്തവാക്യം ഇതാണ്: «عَظِّمُوا ضَحَايَاكُمْ فَإِنَّهَا عَلَى الصِّرَاطِ مَطَايَاكُمْ» (നിങ്ങളുടെ ബലിമൃഗങ്ങളെ നിങ്ങൾ നന്നാക്കുക, കാരണം സിറാത്ത് പാലത്തിൽ അവ

നിങ്ങളുടെ വാഹനങ്ങളാണ്). ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ, മുഅ്മിനുകൾക്ക് സിറാത്ത് പാലം അതീവ വേഗതയിൽ കടന്നുപോകാനുള്ള നൂർ (പ്രകാശം) നിറഞ്ഞ വാഹനങ്ങളായി ഈ മൃഗങ്ങളെ അല്ലാഹു പുനരുജ്ജീവിപ്പിക്കുമെന്ന് പണ്ഡിതന്മാർ സ്ഥിരീകരിക്കുന്നു.

ഈ മൃഗങ്ങൾ എങ്ങനെ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നതിനെച്ചൊല്ലി ഇസ്‌ലാമിക ചരിത്രത്തിൽ വലിയൊരു തർക്കം നടന്നിട്ടുണ്ട്: മുഅ്തസിലുകൾ വാദിക്കുന്നത്, ഈ മൃഗങ്ങൾ ഭൂമിയിൽ വെച്ച് അറുക്കപ്പെടുമ്പോൾ വലിയ വേദന അനുഭവിക്കുന്നുണ്ട്. അതിനാൽ ആ വേദനയ്ക്ക് പകരമായി (അഅ്വാള് - الأعواض) അവയെ വീണ്ടും ജീവിപ്പിച്ച് സ്വർഗ്ഗത്തിൽ നിത്യമായി സുഖിപ്പിക്കൽ അല്ലാഹുവിന്റെ മേൽ വാജിബ് എന്നാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് അല്ലാഹു മൃഗങ്ങളോട് ചെയ്യുന്ന അനീതിയാകും എന്നാണ് അവരുടെ വാദം.

അശ്അരി പണ്ഡിതന്മാരുടെ മറുപടി ഇമാം ഫക്റുദ്ദീൻ റാസി(റ) ഉൾപ്പെടെയുള്ള പണ്ഡിതന്മാർ ഈ വാദത്തെ ശക്തമായി എതിർത്തു. അല്ലാഹുവിന്റെ മേൽ യാതൊന്നും നിർബന്ധമാക്കാൻ സൃഷ്ടികൾക്ക് അവകാശമില്ല. പ്രപഞ്ചത്തിന്റെ ഉടമസ്ഥനായ അല്ലാഹു തനിക്ക് ഇഷ്ടമുള്ളത് പ്രവർത്തിക്കുന്നു. ഉള്ഹിയ്യത്തിന്റെ മൃഗങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് മുഅ്തസിലുകൾ പറയുംപോലെ അല്ലാഹുവിന് നിർബന്ധമായതുകൊണ്ടല്ല, മറിച്ച് അല്ലാഹുവിന്റെ ഉദാരതയും കാരുണ്യവും കൊണ്ടാണ്. തന്റെ കൽപ്പന അനുസരിച്ച മുഅ്മിനായ അടിമയെ ആദരിക്കാൻ വേണ്ടിയാണ് അല്ലാഹു ആ മൃഗത്തെ സ്വർഗ്ഗാവകാശിയാക്കുന്നത്.

മഹ്ശറിലെ വിചാരണയ്ക്ക് ശേഷം ഈ മൃഗങ്ങൾ സ്വർഗ്ഗത്തിൽ എങ്ങനെ കഴിയുമെന്നതിൽ രണ്ട് നിരീക്ഷണങ്ങളുണ്ട്:

ഇമാം സ്വാവി(റ)യും ഇമാം ബാജൂരി(റ)യും വ്യക്തമാക്കുന്നത്, ഈ മൃഗങ്ങൾ അവയുടെ സ്വന്തം ശരീരത്തോടെയും രൂപത്തോടെയും തന്നെയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. എന്നാൽ സ്വർഗ്ഗം പരിശുദ്ധമായ സ്ഥലമായതിനാൽ അവയുടെ ശരീരത്തിൽ നിന്നും കാഷ്ഠം, മൂത്രം, മൃഗീയമായ ദേഷ്യം എന്നിവ പൂർണ്ണമായി നീക്കം ചെയ്യപ്പെടും.

രണ്ടാം പക്ഷം: അന്ത്യനാളിൽ വിചാരണയ്ക്ക് ശേഷം സാധാരണ മൃഗങ്ങളോട് അല്ലാഹു "നിങ്ങൾ മണ്ണായിപ്പോകുക" എന്ന് കൽപ്പിക്കുമ്പോൾ അവ മണ്ണാകും. എന്നാൽ ഉള്ഹിയ്യത്തിന്റെ മൃഗങ്ങളെ അല്ലാഹു മണ്ണാക്കുകയില്ല, പകരം അവയുടെ ഭൗതിക രൂപം മാറ്റി സ്വർഗ്ഗത്തിലെ പക്ഷികളോ മറ്റോ ആക്കി മാറ്റി ശാശ്വതമായി നിലനിർത്തും.

ശാഫി മദ്ഹബിലെ പ്രമുഖ ഗ്രന്ഥങ്ങളായ തുഹ്ഫത്തുൽ മുഹ്താജ്, ഹാശിയത്തുശ്ശർവാനി തുടങ്ങിയവയിൽ പണ്ഡിതന്മാർ കൗതുകകരമായ ഒരു ചോദ്യത്തിന് മറുപടി നൽകുന്നുണ്ട്: ഭൗതികലോകത്ത് നമ്മൾ അറുക്കുന്ന ഉള്ഹിയ്യത്തിന്റെ മാംസവും തുകലും പലർക്കായി വീതിച്ചു നൽകുകയും, അവ മനുഷ്യർ ഭക്ഷിച്ചു കാഷ്ഠമായി മാറുകയും, എല്ലുകൾ മണ്ണിൽ ദ്രവിക്കുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ ഹദീസിൽ പറഞ്ഞതുപോലെ എങ്ങനെയാണ് ഇവ പൂർണ്ണരൂപത്തിൽ (രോമങ്ങളും ളുളമ്പുകളുമായി) പരലോകത്ത് വരിക?

അല്ലാഹുവിന്റെ അജയ്യമായ കുദ്റത്ത് (കഴിവ്) പ്രകാരം, അന്ത്യനാളിൽ അല്ലാഹുവിന്റെ കൽപ്പനയാൽ മലക്കുകൾ ഈ മൃഗത്തിന്റെ പലയിടങ്ങളിലായി ചിതറിപ്പോയ, മനുഷ്യശരീരത്തിന്റെ ഭാഗമായി മാറിയ എല്ലാ തന്മാത്രകളെയും (Molecules) മണ്ണിൽ നിന്നും അന്തരീക്ഷത്തിൽ നിന്നും തിരികെ ശേഖരിക്കും! ഉള്ഹിയ്യത്ത് അറുത്ത ആ നിമിഷത്തിൽ അത് എങ്ങനെയായിരുന്നോ, അതേ രൂപത്തിൽ അതിനെ പുനഃസൃഷ്ടിക്കും.

ഈയൊരു ആത്മീയ രഹസ്യം ഉള്ളതുകൊണ്ടാണ്, ഉള്ഹിയ്യത്തിന്റെ മൃഗത്തിന്റെ തുകലോ (Skin) മറ്റോ വിൽക്കാൻ ശാഫി ഫിഖ്ഹ് കർശനമായി വിലക്കിയത്. കാരണം അതിന്റെ സകല ഭാഗങ്ങളും പരലോകത്തേക്ക് വേണ്ടി മാത്രം അല്ലാഹു അണിയിച്ചൊരുക്കുന്നവയാണ്.

By: Abdurahman tp

( Author of മുഹമ്മദ് നബി:പിതൃ പരമ്പരയും, അഹലുബൈബിതൃ. In Islam on web)